THE CHURCH WEEKLY

Vol. VIII.	SUNDAY 30th MAY 1954	PRICE 2 ANNAS PER COPY	NO. 21

ESSENTIALS AND NON ESSENTIALS

(Father Laurence S. Jackson, M. A., L.Th., H. C. F.)

In the recent article of Dr. K. C. Joseph occurs these words "No Church ought to forget the conditions under which its members are living in the world......a Church which cannot distinguish between non-essentials and essentials is in danger of losing the essentials also.

I have recently returned from Malaya and Singapore and I visited quite a number of stations in which the faithful gathered together to "Witness the Qurbana". But there were few acts of communion made. Which is the essential thing: to witness the elevation or to participate in the Sacrament? We seem to have carried the bad habit of non-communicating attendance at Church into another land. Even so, it is difficult for some people who are scattered about in twos and threes to make their communion even if they so desire. Our priest out there has to travel from one end of the country to the other. In large towns like Singapore and Kuala Lampur a congration may assemble, but even so many folks have to travel long distances to attend Church, and in at least two stations, there would have been only a congregation of five people, if it had not been reinforced by members of the Mar Thoma Community. How can folks be ministered to, if they are seldom (if ever) able to get in to a centre? Some indeed cannot afford to do so. So perforce thay must go without the most comfortable Sacrament, even if they desire to receive our Lord in His appointed way. Why, because there is insistence on a [illegible] with freshly-baked bread [illegible] Kapiar to minister the [illegible]. In my Anglican days I ministered both in Australia and India to scattered people as does our Priest in Malaya. But I was not handicapped by dead traditions. Anywhere I could set up my 'Altar' and as I always had Wafers and Wine with me, I could minister to one or fifty people. Is it not time that our old Church learned of the conditions in which our fellow churchmen are living in the jungles in Malaya? Some short form of the Qurbana should be authorised which the Priest can say even by himself or even the ancient Syriac service of "Singing over the Chalice," could be revived even if in a modified form. In early Christian days even deacons were permitted to sign the Chalice with the consecrated Host in order that the faithful might receive the Blessed Sacrament. Also this service could be used in Lenten days when the full service is not available. Insistance of newly baked bread for every mass should be given up. It is quite possible to obtain fermented wafers which are used both in the Syro-Malankara rite of the Latin Church and in the Mar Thoma Rite of the reformed Syrians. It should also be possible for a Priest to carry with him in a pyx. consecrated hosts, so that the faithful could receive the life of the Master at any time of the day or night.

There ought definitely to be a shortening and adaption of our forms of service. Many a re unsuitable for these days and there is far too much repetition. The Church of India has put forth a "Liturgy for India" based on S. James and this could serve as a model for any revision we might like to make,

In Singapore the young people are very impatient. Some of them have never been to India and in actuality they have no desire to return to this country, saving to spend a holiday. They do not speak Malayalam nor do they want to learn it, but they know English. They cannot even write the langage of their parents. So some have drifted away from the Church and taken refuge with other religious bodies. Some have now no church-affiliation whatsoever.

I cannot see that in Malaya and Singapore, we can expect a great increase in our members. No Indian is now allowed to migrate to Malaya unless there is guaranteed to him a large salary. The country had been flooded by prospective emigrants just before the new laws were promulgated and I found that some had attached themselves to relatives and friends who had settled jobs. When I was staying with one of our people, he had adherents whom he was feeding and housing and one was not even a Christian: in point of fact at one time there had been twelve. Under the present conditions a house-holder would have to guarantee Rs. 600 a month for every month beneath his roof-tree.

So apart from the natural increases by birth, the Church cannot expect to receive a great influx of members unless the Governments of Malaya and Singapore permit unrestricted emigration. But more and more it is the policy of authority to bring the Malayan into every form of industry.

(To be continued)

സ്ളീബായുടെ ദാസന്മാർ

III

(പി. പി. വർക്കി)

വടക്കുള്ള ഒരു പള്ളി. സഞ്ചാരയോഗത്തിനുള്ള ചേങ്ങല സ്ളീബാദാസൻ അഞ്ഞടിച്ചു. അങ്ങിനെ സമൂഹ്യാദ്ധ്യക്ഷന്റെയും പാർട്ടിയുടെയും വരവു ഇടവകയിൽ പ്രഖ്യാപിതമായി. കാതോലിക്കാബാവായുടെ കൈകൊണ്ടു റമ്പാൻസ്ഥാനം സ്വീകരിച്ച റമ്പാനല്ലേ വരുന്നതു്. നമുക്കു സ്വീകരിക്കാമോ? എതിർക്കേണ്ടതല്ലേ? പള്ളി തുറന്നുകൊടുക്കാമോ? മുറിയിൽ കയററിതാമസിപ്പിക്കാമോ? എന്നെല്ലാം നേരത്തെ ആലോചന നടന്നുകാണണം! ഏതായാലും യോഗത്തിലേക്കു ജനങ്ങളെ ക്ഷണിച്ചുകൊണ്ടു ചേങ്ങല മൂന്നാമത്തും മുഴങ്ങി. പുത്തുക്രിസ്ത്യാനികളും പഴയക്രിസ്ത്യാനികളുമായി ഒരു നല്ല സംഘം ആളുകൾ വന്നുകൂടി. പള്ളിമുറിയുടെ കവാടങ്ങൾ ബന്ധിക്കപ്പെട്ടിരുന്നു. വിശാലമായ പള്ളിയുടെ വാതിലുകളും അടഞ്ഞുതന്നെ കിടന്നു;

സ്വല്പം കഴിഞ്ഞു് ആ ഇടവകയിലെ ഒരു പ്രധാന കുടുംബത്തിലെ അംഗവും കൂടിയായ ബ. വികാരിഅച്ചനും അതേ കുടുംബാംഗവും ഒരു ബി. എൽ. കാരനുമായ അഡ്വൊക്കേറ്റും മററു ചില അനുചരന്മാരോടുകൂടി എത്തിച്ചേന്നു. ബ. വികാരി പറയുകയാണു് "യോഗമൊന്നുമിവിടെ കൂടാനൊക്കുകയില്ല." റമ്പാച്ചൻ അതു കേട്ടു പറഞ്ഞു "ശരി നമുക്കു വലിയ യോഗമായിട്ടൊന്നും വേണ്ടാ. ഈ തുണിയെല്ലാം ആ വിധവകൾക്കും മററും കൊടുത്തിട്ടു ഗുണദോഷമായി രണ്ടു വാക്കും പറഞ്ഞു നമുക്കു പിരിയാം." അച്ചൻ യാതൊരു മറുപടിയും പറയാതെ സഗൗരവം നിന്നു. ആ നിയമജ്ഞനായ അഡ്വൊക്കേറ്റു സൈഡ് ചെയ്തുകൊണ്ടു നിയമപ്രകാരം പറഞ്ഞു. "എന്തിനാ ഒരു ഇടവകക്കാർക്കു് ഇഷ്ടമില്ലെങ്കിൽ പിന്നെ അവിടെ വരുന്നതു്." അതിനും മൗനമായിരുന്നു ബ. റമ്പാച്ചന്റെ ഉത്തരം. അവജ്ഞയോടെ തള്ളേണ്ടതാണു വക്കീലിന്റെ ലോ പോയിൻറു്. റമ്പാച്ചൻ ചെന്നിരിക്കുന്നതു് ഇടവകഭരിക്കാനല്ല. വികാരിസ്ഥാനം ഏറെറടുക്കാനല്ല. അവിടെനിന്നും ഗംഭീരമായ പണപ്പിരിവു നടത്തി സ്ഥലംവിടാനുമല്ല. മറേറാരോ സ്ഥലങ്ങളിൽ നിന്നു പിരിഞ്ഞുകിട്ടുന്ന കാശു കൂട്ടിച്ചേർത്തു് എറണാകുളത്തുനിന്നു നല്ല കട്ടിയുള്ള ജെ. കെ. തുണി വാങ്ങി ചുമന്നുകൊണ്ടുവന്നിരിക്കുന്നതു് ആ ഇടവകയിലെ ധനാഢ്യരായ ചില മുതലാളിമാർക്കെല്ലാം പണവുംഉണ്ടാക്കിക്കൊടുത്ത സാധുകർഷകത്തൊഴിലാളിവിധവയുടെ നഗ്നത മറയ്ക്കുവാൻ ദാനം ചെയ്യുവാനാണു്. ബി. എ. ബി. എൽ. പാസ്സാകുവാൻ ചെലവാക്കിയിട്ടുള്ള വെള്ളിത്തുട്ടുകൾക്കു് ഈ വിധവയുടെയും അവളുടെ അദ്ധ്വാനിച്ചു നടുവൊടിഞ്ഞ ഭർത്താവിന്റെയും വിയർപ്പുതുള്ളികളും ഉത്തരവാദികളായിരിക്കുമെന്നു് അപ്പോൾ ആ നിയമപണ്ഡിതൻ ഓർത്തുകാണുകയില്ല. ഈയവസരത്തിൽ നമുക്കു നമസ്കരിക്കാം എന്നു പറഞ്ഞുകൊണ്ടു റമ്പാച്ചൻ കിഴക്കോട്ടു തിരിഞ്ഞുനിന്നു മദ്ധ്യനമസ്കാരം ആരംഭിച്ചു. കൂടിയിരുന്ന എല്ലാവരും എഴുന്നേററു കിഴക്കോട്ടു തിരിഞ്ഞു നിന്നു നമസ്കാരത്തിൽ ചേർന്നു. എന്നാൽ നമ്മുടെ ബഹുമാന്യനായ വികാരിയാകട്ടെ വടക്കോട്ടു തിരിഞ്ഞു് അലക്ഷ്യമായ ഭാവത്തിൽ ഒരു കാൽ ഭിത്തിമേൽ ഏറുകാലു കുത്തി അക്ഷമനായ നിലകൊണ്ടു. കാലത്തെ കുർബാന ചൊല്ലിക്കാനാളുണ്ടാകുമെന്നുവെച്ചു് പള്ളിയകത്തു വന്നു സുറിയാനിയിൽ നമസ്കരിച്ചു. നമസ്കാരം കഴിഞ്ഞിട്ടും കുർബാന ചൊല്ലിക്കാനാളെക്കാണാതായപ്പോൾ കുപിതനായി കപ്യാരെ വിളിച്ചു് "ഇന്നാരുമില്ലേടാ കുർബാനയ്ക്കു വെറുതേ നമസ്കരിച്ചല്ലൊ" എന്നു വിഷാദപ്പെടുത്തുന്ന ഒരു കൂട്ടം പട്ടക്കാർ നമ്മുടെ സഭയിലുള്ളപ്പോൾ ഈ ബ. വികാരിയച്ചന്റെ ഏതാദൃശമായ നിഷേധഭാവത്തിൽ നമുക്കതിശയിപ്പാനില്ലല്ലൊ? നമസ്കാരം കഴിഞ്ഞു എല്ലാവരും വന്നു റമ്പാച്ചന്റെ കൈമുത്തി. തുടർന്നു റമ്പാച്ചൻ അച്ചന്റെ നേരെ തിരിഞ്ഞു് "അച്ചാ, നമുക്കീ തുണി കൂടി അങ്ങു കൊടുത്തേക്കാം," എന്നു എത്രയും മര്യാദയോടെ പറഞ്ഞു.

ആ കക്ഷിതിമിരം പിടിച്ച പട്ടക്കാരനുണ്ടോ ആ സംസാരത്തിലുള്ള മര്യാദയും വിനയവും ഗ്രഹിക്കുന്നു. കോപാവിഷ്ടനായി നിൽക്കുന്ന അദ്ദേഹം റമ്പാച്ചന്റെ നേരെ കയർത്തുകൊണ്ടു് അട്ടഹസിച്ചു.

"Get out of the compound"
(പറമ്പിനു വെളിക്കിറങ്ങു)

"ഇത്തരംവഞ്ചകന്മാരെ ഇവിടെ കയററരുതു്—— — — —

അച്ചന്റെ കോപമെല്ലാം വാഗ്രൂപത്തിൽ വെളിക്കു ചാടി. അദ്ദേഹത്തിലുള്ള മൃഗീയത്വത്തിന്റെ ഒരു പ്രദർശനം. ഇതെല്ലാം ശാന്തമായി തലകുനിച്ചുകൊണ്ടു നിന്നു ക്ഷമയോടെ ആ മിഷനറി കേട്ടു. പ്രശാന്തഗംഭീരമായ ഒരു മൗനംകൊണ്ടു് അതിനുമറുപടി നൽകി. "പീലിപ്പോസ്സച്ചാ ആ തുണിക്കെട്ടെടുക്കൂ, വറുഗീസേ, ആ ചേങ്ങലയും ചിത്രച്ചുരുളും എടുത്തോളൂ. നമുക്കു റോഡിലേക്കു പോകാം" വിളക്കുംഎടുത്തു റമ്പാച്ചൻ മുമ്പിലും മററുള്ളവർ പിറകെയുമായി റോഡിലേക്കു നീങ്ങി. ആ ഞെട്ടിക്കുന്ന അന്തരീക്ഷത്തിൽ സർക്കാരിന്റെ പെരുവഴി—പള്ളിപ്പറമ്പിന്റെ തെക്കേ അതിരായി കിഴക്കോട്ടു നീണ്ടുകിടക്കുന്ന ആ പബ്ളിക്ക് റോഡ്—ആ മിഷനറി മീററിങ്ങിനു സ്വാഗതമരുളി. കവിളൊട്ടി, കണ്ണുമങ്ങി, തൊലി ചുളുങ്ങി, കൂനിക്കുരച്ച വിധവകൾ വിറയ്ക്കുന്ന കൈകൾ നീട്ടി തങ്ങളുടെ വാർഷികോപഹാരം തങ്ങളുടെ പ്രിയപ്പെട്ട പിതാവിൽനിന്നു സ്വീകരിച്ചു. ഇടവകയിലെ ധനാഢ്യരുടെ മണിമേടകൾക്കു മകുടം ചാർത്തുവാൻ പ്രഭാതം മുതൽ പ്രദോഷംവരെ വയലുകളിൽ പണിയെടുത്തു പരവശരായ ഈ വിധവകൾക്കു തങ്ങളുടെ മുതലാളിമാർ ഒരു വാർദ്ധക്യകാലവേതനം നൽകേണ്ടതല്ലേ അവരുടെ നഗ്നത മറയ്ക്കുവാൻ പലയിടങ്ങളിൽനിന്നു കിട്ടുന്ന ചില്ലിക്കാശുകൾ മഹാവലിയ പിശുക്കനെപ്പോലെ (ക്ഷമിക്കണം) സ്വരൂപിച്ചു തുണിയും വാങ്ങിച്ചെല്ലുന്ന മലങ്കരസുറിയാനിസഭ പ്രസവിച്ചിട്ടുള്ളതിലേക്കും വലിയ മിഷനറിയായ അഭിവന്ദ്യറമ്പാച്ചനു് ഒരു സുറിയാനിപ്പള്ളിയടവകയും അതിലെ വികാരിയും നൽകിയ സ്വാഗതം ഭയങ്കരം!

മീററിങ്ങു കഴിഞ്ഞു. അതിനു മുമ്പായിത്തന്നെ വികാരിയും ബി. എൽ. കാരനും സിൽബന്തികളും സ്ഥലം വിട്ടിരുന്നു. പള്ളിമുറിയുടെ ആഞ്ഞിലിപ്പലകകൊണ്ടുള്ള വാതിലുകൾ അന്നു തുറന്നില്ല. അടുത്തുള്ള ഒരു സഹൃദയൻ റമ്പാച്ചനും കൂടെയുള്ളവർക്കും അത്താഴം കൊണ്ടുകൊടുത്തു. അവർ അന്നു മുറിയുടെ വരാന്തയിൽ ഉറങ്ങി. (ഇതേ വരാന്തയിൽത്തന്നെയാണു് ഏതാനും വർഷങ്ങൾക്കു മുമ്പു സമൂഹാദ്ധ്യക്ഷനോടുകൂടി ഈ ലേഖകൻ പച്ചവെള്ളം അത്താഴമുണ്ടുകൊണ്ടു് ഒരു രാത്രി കഴി[illegible]ച്ചു്.)

തന്റെ ധീരകൃത്യത്തെപ്പററി [illegible]ൻ അയിടസ്സൂ പറയുമായിരുന്നു.

ന്നത്തെ രാത്രിയും അതുപോലെ പല രാത്രികളും അതിശീഘ്രം കടന്നുപോയി. അച്ചനു പെട്ടെന്നുണ്ടായ ഒരുരോഗം, അദ്ദേഹത്തെ തിരശീലയുടെ മറുവശത്തേക്കു സ്വാഗതം ചെയ്തു. പള്ളിപ്പറമ്പിൽപോലും ഒരു മിഷനറിമീററിങ്ങു നടത്താൻ അനുവദിക്കാതെ ആട്ടിയിറക്കിയ ആ യുവപുരോഹിതൻ സകല അധികാരങ്ങളോടും യാത്ര ചോദിച്ചുകൊണ്ടു കാലയവനിക്കുള്ളിലേക്കു കടന്നു. ആ പള്ളിപ്പറമ്പിൽ പള്ളിയുടെ വടക്കേ മുററത്തു് ആറടി ഭൂമി അദ്ദേഹത്തിന്റെ ഭൗതീകാവശിഷ്ടങ്ങൾക്കു നിത്യവിശ്രമം കൊള്ളുവാൻ കിട്ടി. ജനഹൃദയങ്ങളിൽ ഈ സംഭവം ഒരു സംസാരവിഷയമായി.

അടുത്ത വർഷവും പതിവനുസരിച്ചു റമ്പാച്ചനും പാർട്ടിയും വാർഷികസഞ്ചാരത്തിൽ ആ ഇടവകയിൽ എത്തി. തൊലി നന്നായി രജിസ്റ്റർ ചെയ്തിട്ടു വേണം നമ്മുടെ സഭയിൽ സുവിശേഷവേലക്കിറങ്ങാൻ "എന്നു പറയാറുള്ള സമൂഹാദ്ധ്യക്ഷനെ മുൻകൊല്ലത്തെ അനുഭവങ്ങൾ തെല്ലും ചഞ്ചലിപ്പിച്ചില്ല. ഇപ്രാവശ്യം പള്ളിയുടെ വിശാലമായ വാതിലുകൾ തുറന്നു കിടന്നു. പള്ളിമുറിയുടെ വാതിലുകളും അടയ്ക്കപ്പെട്ടിരുന്നില്ല. പള്ളിയകത്തു സന്ധ്യാപ്രാർത്ഥന നടത്തി. പുറംതിണ്ണയിൽ കിടന്നുറങ്ങേണ്ടതായി വന്നില്ല. മുറിക്കകത്തെ ശയ്യോപകരണങ്ങളും പള്ളിവക അത്താഴവും തയ്യാറായിരുന്നു. മുൻകൊല്ലത്തെ അന്തരീക്ഷമായിരുന്നില്ല. പ്രശാന്തമായ അന്തരീക്ഷത്തിൽ യോഗം ഭംഗിയായി നടന്നു. 'എന്താ ഇക്കൊല്ലം എന്നെ വേണ്ടേ? എന്നു പെരുവഴി ചോദിക്കുന്നതായിതോന്നി. റമ്പാച്ചനും കൂടെയുള്ളവരും ആ കൊച്ചച്ചന്റെ കബറുങ്കൽ ചെന്നു മൌനമായി തല കുനിച്ചു പ്രാർത്ഥിച്ചു.

മുൻവിവരിച്ച സംഭവം ഇടവകയെ മുഴുവനായി ഇരുത്തിച്ചിന്തിപ്പിച്ചിട്ടുണ്ടു്! ഇന്നു് ആ ഇടവകയിൽ സജീവമായി പ്രവർത്തനം നടത്തുന്ന ഒരു സാധുജനസേവാസംഘം സ്ഥാപിതമായിട്ടുണ്ടു്. പുതുക്രിസ്ത്യാനികളുടെ ആത്മീകവും ലൗകീകവുമായ എല്ലാ അഭിവൃദ്ധിയിലും ഈ സംഘം ശ്രദ്ധ പതിക്കയും പ്രയോജനകരമായ പല നല്ല കാര്യങ്ങളും പ്രവർത്തിച്ചുവരികയും ചെയ്യുന്നു. രോഗികളെ ആശുപത്രിയിലേക്കയച്ചു ചികിത്സിപ്പിക്കുക, പുരമേയാൻ നിവൃത്തിയില്ലാത്തവർക്കു ധനസഹായം നൽകുക, [illegible]കുട്ടികളെ സഹായിക്കുക, ശവസംസ്കാരത്തിനു് ഉദവി ചെയ്യുക ആദിയായി പലതും ഈ സംഘം വഴിയായി ഇന്നു ചെയ്തുകൊണ്ടിരിക്കുന്നതു പല ഇടവകകൾക്കും മാതൃകയാണു്. ഈ കൊല്ലത്തെ വാർഷികസഞ്ചാരയോഗത്തിൽ പ്രസ്തുത സംഘം സിക്രട്ടറി പുതുക്രിസ്ത്യാനികളുടെ ഒരു വർഷത്തെ പള്ളിഹാജർ ഹാജരാക്കുകയുണ്ടായി. ഇപ്പോഴത്തെ കൊച്ചുവികാരിഅച്ചൻ ഉൽസാഹിയും നല്ല കാര്യങ്ങൾക്കു തീക്ഷ്ണതയുള്ള ദേഹവും മേല്പറഞ്ഞ സാധുജനസേവനങ്ങൾക്കു നേതൃത്വം നൽകുന്ന പട്ടക്കാരനുമത്രെ.

കയ്പുള്ള പല സംഭവങ്ങളിൽനിന്നും മധുരമുള്ള ഫലങ്ങൾ പുറപ്പെടുവിക്കുവാൻ നമ്മുടെ ദൈവത്തിനു കഴിയും എന്നുള്ളതിനു് എന്താണു സംശയം.

ഫാദർ ഹോംസ്

(ബിഷപ്പ് മാർ പത്രോസ് ഒസ്താത്തിയോസ്)

സുറിയാനിസഭയുടെ ഒരുററമിത്രമായിരുന്ന ഫാദർ ഹോംസ് ഇംഗ്ലണ്ടിൽ ചെൽടൻഹാമിൽ തന്റെ പെങ്ങളുടെ വസതിയിൽ വച്ചു 86—ാമത്തെ വയസ്സിൽ കഴിഞ്ഞ ഡിസമ്പർ 15—ാം തീയതി ഒരാഴ്ചത്തെ സുഖക്കേടിനു ശേഷം ചരമം പ്രാപിച്ചു. ദൈവം അദ്ദേഹത്തിന്റെ ആത്മാവിനു ആശ്വാസവും വെളിച്ചവും പാപപരിഹാരവും നൽകട്ടെ. അദ്ദേഹം കൽക്കട്ടാ ഓക്സ്ഫോർഡ് മിഷ്യന്റെ അംഗമായി, 2500 പ്രതികൾ ആഴ്ചതോറും ചെലവാകുന്ന എപ്പിഫനി എന്ന പ്രതിവാരപത്രികയുടെ പത്രാധിപരായി വളരെക്കാലം ഇരുന്നിട്ടുണ്ടു്. കാതോലികവും അപ്പസ്തോലികവുമായ വിശ്വാസം അടങ്ങിയ പല പുസ്തകങ്ങളുടെയും ഗ്രന്ഥകർത്താവാണു്. അദ്ദേഹത്തിന്റെ പ്രസംഗചാതുര്യം കേമമായിരുന്നു. ധ്യാനം നടത്തുവാൻ സമർത്ഥനായിരുന്നു. ചെറുപ്പത്തിൽ വീഴ്ച പററിയതുകൊണ്ടു മുടന്തുകാലനായിരുന്നു എങ്കിലും ക്രിക്കററുകളിയിൽ ആരെയും തോൽപ്പിക്കുമായിരുന്നു

മല്ലപ്പള്ളിയിലെ പരേതനായ എന്റെ സ്നേഹിതൻ കെ. പി. ചാക്കോ ഒരിക്കൽ പറഞ്ഞതു് ഫാദർ ഹോംസിന്റെ മുഖം യേശുതമ്പുരാന്റെ മുഖം പോലെയിരിക്കുന്നു എന്നാണു്. ആദ്യമായി ഞാൻ, അദ്ദേഹത്തെ പരുമലപ്പള്ളിയിലേക്കു കയറി വരുന്നതു കണ്ടപ്പോൾ എനിക്കും അതുതന്നെ തോന്നി. ഇംഗ്ലീഷ് സഭയിലെ ഹൈചർച്ചു് അഭിപ്രായക്കാരാണു് ഓക്സ്ഫോർഡ് മിഷ്യൻകാർ. നമ്മുടെ ഓർത്തഡോക്സ് വിശ്വാസത്തെ അവർ പരിപൂർണ്ണമായി അനുകൂലിക്കുന്നു. "നിങ്ങളുടെ അനുഷ്ഠാനങ്ങളിൽ വല്ലതിന്റെയും അർത്ഥം നിങ്ങൾക്കു് ഇപ്പോൾ അറിയാൻ പാടില്ലെങ്കിലും അവയിൽ ഒന്നും നിങ്ങൾ ഉപേക്ഷിക്കരുതു്, പിന്നാലെ അർത്ഥം തെളിഞ്ഞുവരും." എന്നു പരിശുദ്ധ കാതോലിക്കാബാവാ തിരുമേനിയോടു അദ്ദേഹം ഒരിക്കൽ പറയുകയുണ്ടായി. നവീകരണോപദേശങ്ങൾ മലങ്കരയിലേക്കു ശക്തിയായി തള്ളിക്കയറി നമ്മുടെ സഭയിലെ യുവാക്കന്മാരുടെ ഹൃദയങ്ങളിൽ പോലും പൂർവ്വീക വിശ്വാസത്തോടു അവജ്ഞയുണ്ടാക്കിയ കാലത്തു ഫാദർ പി. ററി. വറുഗീസിന്റെ ഉത്സാഹത്താൽ കാനൻ ബ്രൌൺ, ഫാദർ ഷോർ, ഫാദർ ഹോംസ്, ഫാദർ പിയേഴ്സൻ മുതലായ ഓക്സ്ഫോർഡ് മിഷ്യൻ പട്ടക്കാർ മാറി മാറി കൊല്ലംതോറും ഇവിടെ വന്നു് വിദ്യാർത്ഥിസംഘത്തിലും കൺവൻഷനിലും പട്ടക്കാരുടെ ധ്യാനയോഗത്തിലും മററും ഉപദേശം കൊടുത്തില്ലായിരുന്നു എങ്കിൽ നമ്മുടെ സഭ നവീകരണമയമായിപ്പോകുമായിരുന്നു. പരിശുദ്ധ കുർബാന ബലിയാണെന്നും, വിശ്വാസികളായ മരിച്ചുപോയവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ടതാണെന്നും, പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയിൽ വിശ്വാസികൾ അഭയം പ്രാപിക്കേണ്ടതാണെന്നും മററും അവർ അനേകം സ്ഥലങ്ങളിൽ പ്രസംഗിച്ചു. വെള്ളക്കാർ സുറിയാനിസഭയിൽ ചെലുത്തിയ വിഷം വെള്ളക്കാർ തന്നെ തിരിയെ വലിച്ചെടുക്കുന്നതു കണ്ടില്ലേ എന്നു കാതോലിക്കാബാവാ ഒരിക്കൽ കല്പിക്കയുണ്ടായി. ഫാദർ പി. ടി. ഗീവറുഗീസ്സ് മെത്രാനായ ശേഷം റോമാസഭയിലേക്കു പോയെങ്കിലും അദ്ദേഹം നമ്മുടെ സഭയുടെ വിശ്വാസസ്ഥിരതയ്ക്കുവേണ്ടിയും മററും ചെയ്തിട്ടുള്ള നന്മകൾ നമുക്കു വിസ്മരിക്കുവാൻ പാടുള്ളതല്ല. പോയ ശേഷം ഞാൻ തിരുവല്ലായിൽവച്ചു അദ്ദേഹത്തെ ഒരിക്കൽ കണ്ടപ്പോൾ, അവിടന്നു എത്ര നല്ല കാര്യങ്ങൾ സഭയ്ക്കുവേണ്ടി പ്രവർത്തിച്ചു, ഒടുവിൽ പടിക്കൽ കൊണ്ടുവന്നു കുടം ഉടച്ചതുപോലെ ആയല്ലോ"

എന്നു ഞാൻ പറഞ്ഞയുടനെ അദ്ദേഹം "ഞാൻ ചെയ്യുന്നിടത്തോളം നിങ്ങൾ പക വച്ചാൽ മതി" എന്നു എന്നോടു പറയുകയുണ്ടായി. ഫാദർ ഗീവറുഗീസ് റോമാ മതം സ്വീകരിച്ചതിനെപ്പററി ഫാദർ ഹോംസിനും മററും വളരെ അത്ഭുതമുണ്ടായി. അതിന്റെ ആവശ്യമെന്തെന്നു അവരോടുകൂടെ ഞാനും ചോദിക്കുന്നു. കിഴക്കൻസഭയിൽപ്പെട്ട സത്യ വിശ്വാസികളായ നമുക്ക് കുറവില്ലാത്ത ഓർത്തഡോക്സു് വിശ്വാസമിരിക്കെ അതിൽനിന്നു വ്യതിചലിക്കുന്നതു അധർമ്മമാണെന്നു എനിക്കു ഉറപ്പുള്ളതുകൊണ്ടാണു തിരുവല്ലായിൽവച്ചു കഴിഞ്ഞ മെയ് 8-ാംതീയതിനടന്ന സ്വീകരണ മഹായോഗത്തിൽ നമ്മുടെ ആറുമെത്രാന്മാരുടെകൂടെ പ്ലാററുഫോറത്തിൽ ഇരുന്ന മാർ സേവേറിയോസു് ആർച്ചു് ബിഷപ്പു് മാതൃസഭയിലേക്കു തിരിയെ വരണമെന്നു ഞാൻ വിളിച്ചു പറഞ്ഞതു്. ഫാദർ പി. ടി. ഗീവറുഗീസു് മുപ്പത്തെട്ടു വർഷം മുമ്പു വടക്കു മാന്നുരുത്തേൽ എന്റെ ക്ഷണപ്രകാരം വന്നു് എഴുപത്താറു പുലയരെ മാമോദീസാമുക്കി. ഞാൻ അന്നു എറണാകുളം കോളേജു് ഹൈസ്കൂളിൽ അദ്ധ്യാപകനായിരുന്നു. പൌരോഹിത്യമാണു എന്റെ ജീവിതത്തിനുപററിയതു്. ആത്മികവും ലൌകികവുമായ നന്മ ലോകർക്കു നൽകുന്നതിനു അത്രയും പററിയ ജോലി വേറെയില്ലെന്നു ഞാൻ അന്നു തീരുമാനിച്ചു. ഫാദർ ഹോംസിന്റെ vocation (ദൈവവിളി) എന്ന വിദ്യാത്ഥിയോഗത്തിലെ പ്രസംഗം ഞാൻ പട്ടം സ്വീകരിപ്പാൻ കാരണമായിത്തീർന്നു. ഒരു ദിവസം പ്രഭാതത്തിൽ ഞാൻ എന്റെ പെട്ടിയെടുപ്പിച്ചു് എറണാകുളം കോളേജിൽനിന്നു തെക്കോട്ടു തീബോട്ടിൽ ഫാദർഗീവറുഗീസിന്റെ അടുക്കലേക്കു ഓടിപ്പോയി. പരുമല വച്ചു ശെമ്മാശു പട്ടമേററു് പള്ളിയിൽനിന്നു പുറത്തിറങ്ങിയപ്പോൾ, എന്നെ ബി. എ. എൽ. ടി.വരെ പണം ചെലവാക്കി പഠിപ്പിച്ച എന്റെ ജ്യേഷ്ഠൻ എം. പി. വക്കിയുടെ "പട്ടംകൊടുക്കരുതേ" എന്ന വട്ടശ്ശേരി തിരുമേനിക്കുള്ള കമ്പി എന്നെ ഒരാൾ കാണിച്ചു. സ്ളീബാദാസസമൂഹം പതിമൂവായിരം പേരെ മാമോദീസാ മുക്കിയശേഷം ഫാദർ ഹോംസ് ഇന്ത്യയിലെ മിഷനറി വേലയെപ്പററി 15 കൊല്ലം മുമ്പു ഇംഗ്ളീഷു സഭയുടെ നാവായ ചർച്ചുടൈംസിൽ എഴുതിയ ഒരുലേഖനത്തിൽ ഞങ്ങളുടെ പേരു പറയാതെ ബങ്കാളിൽ ഫാദർ ചക്രവത്തിയുടേയും തെക്കേ ഇന്ത്യയിൽ എന്റെയും വേലയെപ്പററി പ്രസ്താവിച്ചിരുന്നു. കഴിഞ്ഞ എന്റെ ഇന്ത്യൻ മിഷ്യനറിയാത്രയിൽ കൽക്കട്ടാ കാതോലിക്കോസ് ഹോസ്റ്റലിൽ വച്ചു് കൽക്കട്ടായിലെ സുറിയാനിക്കാർ എനിക്കുനൽകിയ സ്വീകരണത്തിൽ ഓക്സ്ഫോർഡ് മിഷ്യൻ സുപ്പീരിയർ ഫാദർ മാക്ബത്ത് ചെയ്ത പ്രസംഗത്തിൽ സ്ളീബാദാസന്മാർ കൊല്ലം തോറും ഫാദർ ഹോംസിനു അയയ്ക്കുന്ന വാർഷികറിപ്പോർട്ടുതാൻ ഇംഗ്ളണ്ടിലേക്കു അദ്ദേഹത്തിനു കണിശമായി അയച്ചുകൊടുക്കുന്നുണ്ടെന്നു പ്രസ്താവിച്ചിരുന്നു. നവീകരണം ഉള്ളിൽ കടന്നിട്ടു് കുരിശുവരപ്പാൻ മടി കാണിച്ചിരുന്ന സുറിയാനി യുവാക്കന്മാർ വേദശാസ്ത്രജ്ഞനും ദൈവഭക്തനുമായ ഫാദർ ഹോംസു കുരിശുവരയ്ക്കുന്നതു കണ്ടു് അതു മൂഢാനുഷ്ഠാനമല്ലെന്നു മനസ്സിലാക്കി കുരിശു വരച്ചു.

കുറേക്കാലം വിദ്യാത്ഥിസംഘത്തിന്റെ ജനറൽ സെക്രട്ടറി ആയിരുന്ന ഞാനാണു കൽക്കട്ടായിൽ നിന്നുവന്നു് എറണാകുളത്തു തീവണ്ടിയിറങ്ങിയ ഫാദർ ഹോംസിനേയും മററും സ്വീകരിച്ചു് തീബോട്ടിൽ തെക്കോട്ടു കൊണ്ടുപോയിരുന്നതു്. എറണാകുളം നടന്നു കണ്ടപ്പോൾ കടലിന്റെ മണം വരുന്നല്ലൊ എന്നു അദ്ദേഹം പറഞ്ഞു. കോട്ടയത്തുവച്ചു മലങ്കരമെത്രാപ്പോലീത്തായെ കണ്ടശേഷം ഞാൻ വള്ളത്തിൽ അവരെ പരുമലയ്ക്കും മററും കൊണ്ടുപോകും. ആലുവാമിഷൻ ബംഗ്ളാവിൽ വച്ചു നടന്ന കോൺഫറൻസിൽ മണി സമയത്തു അടിപ്പാൻ, ആരാണു വേണ്ടതു എന്നു ആലോചിച്ചപ്പോൾ അക്കൊല്ലം മണിമാത്തൻ എം. പി. പീററാകട്ടെ എന്നു ഫാദർ ഗീവറുഗീസ് പറഞ്ഞു. ഞാൻ കൃത്യത്തിനു മണി അടിക്കുമായിരുന്നു. കൃത്യം കണ്ടിട്ടും സംഗതികൾ കൃത്യത്തിനു നിർവഹിക്കുന്നതു കണ്ടിട്ടും O You are a Great Organiser എന്നു ഫാദർ ഹോംസ് പറയുകയുണ്ടായി. ഇപ്പോൾ തലനരച്ച വൃദ്ധന്മാരായ ഫാദർ. ടി. വി. ജോൺ സി. ജി. വറുഗീസ് സി. പി. മാത്തൻ, വട്ടക്കുന്നേൽ ചെറിയാൻ, മനോരമപത്രാധിപർ കെ. എം. ചെറിയാൻ, ഡിസ്ത്രിക്ട് എഡ്യുക്കേഷൻഓഫീസർ കെ. ഐ. വറുഗീസ് (കൊച്ചുകുട്ടിയായ തമ്പാൻ രാത്രിയോഗത്തിൽ ഉറക്കം തൂങ്ങുന്നതു ഞാൻ ഇന്നലെ കണ്ടതുപോലെ തോന്നുന്നു.) കവിയൂർ കണ്ടത്തിൽ ഈപ്പൻ, ഡോക്ടർ സീ. ടി ഈപ്പൻ വള്ളക്കാലിൽ ഇട്ടിച്ചെറിയ വടക്കൻപറവൂർ ഏ. ഏ. പോൾ, റാവുസാഹിബു് ഡോക്ടർ ചീരൻ പറുഗീസ് എന്നിങ്ങനെ മലങ്കരയുള്ള പ്രധാന കുടുംബങ്ങളിലെ അനേകം യുവാക്കന്മാരും ബാലന്മാരും വിദ്യാത്ഥിയോഗങ്ങളിൽ സംബന്ധിച്ചിരുന്നു. ആലുവാകോളജിലെ പരിശുദ്ധനായ പ്രൊഫസർ കെ സി. ചാക്കോ വിദ്യാത്ഥിസംഘത്തിന്റെ ഒരു രഹസ്യനായകനായിരുന്നു. എൻ. ഐ. പോത്തൻ ശെമ്മാശ്ശൻ, സി. ഒ. ഉമ്മൻ, പുലിക്കോട്ടിൽ ഇട്ടൂപ്പ് എന്നിങ്ങനെ "സാക്ഷികളുടെ വലിയൊരു സമൂഹം" നമ്മുടെ നിത്യഭവനത്തിലേക്കുചെന്നെത്തിക്കഴിഞ്ഞു.

ഒരിക്കൽ ഞാൻ പട്ടക്കാരുടെ ധ്യാനത്തിനു ഫാദർ ഹോംസിനേയും ഷോറിനേയും നിരണത്തുപള്ളിയിലേക്കു പ്രവേശിപ്പിച്ചയുടനെ തപാൽ ശിപായി ഫാദർ ഹോംസിനു ഒരു രജിസ്റ്റർകത്തുംകൊണ്ടു വന്നു കൊടുത്തു. അതിൽ ഇന്ത്യാവൈസ്രോയി ഹാർഡിഞ്ചു് പ്രഭുവിന്റെഭാര്യ് നൂറുരൂപയുടെ ഒരു നോട്ടു അടക്കം ചെയ്തിരുന്നു. താൻ കൽക്കട്ടായിലെ മെഡിക്കൽ വിദ്യാത്ഥികൾക്കായി പണിയിച്ചിരുന്ന ഭീമമായ സെൻറു് ലൂക്ക്സ് ഹോസ്റ്റലിന്റെ പണിക്കായിട്ടായിരുന്നു ആ പണം. നിരണത്തെ താമസത്തിൽ വെള്ളക്കാരായ ആ പട്ടക്കാർക്കു വിഷമമായി തോന്നിയതു പട്ടക്കാരുടെ അച്ചടക്കമില്ലായ്മയും താണവർഗക്കാരോടുള്ള സുറിയാനിക്കാരുടെ ഹീനമായ പെരുമാററവും ആയിരുന്നു.

ഇംഗ്ളണ്ടിലെ കൊള്ളാവുന്ന കുടുംബങ്ങളിൽനിന്നു സ്വപരിത്യാഗത്തോടെ ഇന്ത്യയിൽ ദൈവവേലയും സാധുസംരക്ഷണവും ചെയ്യുവാൻ ഇറങ്ങിപ്പുറപ്പെട്ട ഓക്സ്ഫോർഡ് മിഷൻപട്ടക്കാരുടെ സ്വാധീനശക്തി ഒന്നുവേറെതന്നെയാണു്. ബംഗാൾ വിഭജനകാലത്തു വെള്ളക്കാരെ കണ്ടാൽ വെടിവെയ്ക്കുന്ന ബംഗാളികൾ മിഷൻസുപ്പീരിയർ കാനൻ ബ്രൌണിനെ കണ്ടാൽ "അതു നമ്മുടെ ബാബു" എന്നുപറഞ്ഞു തല കുനിക്കുമായിരുന്നു. അദ്ദേഹം ബങ്കാളിക്കുട്ടികളെ ചുമലിൽ കയററി അവരോടുകൂടി ഓടുകയും കളിയ്ക്കുകയും ചെയ്യും. ബിഷപ്പു് സ്ഥാനം വച്ചു നീട്ടിട്ടു കാനൻ ബ്രൌണും ഫാദർ ഹോംസും അതു സ്വീകരിക്കയുണ്ടായില്ല. ദരിദ്രന്മാരുടെയിടയിൽ ദരിദ്രനായി കഴിഞ്ഞു് നന്മചെയ്യുന്നതിനു ബിഷപ്പു് സ്ഥാനം പററിയതല്ല എന്നായിരുന്നു അവരുടെ അഭിമതം. വൈസ്രോയിമാർ തിരക്കുള്ള കൽക്കട്ടാ പട്ടണത്തിലെ സാധാരണജനങ്ങളുടെ സ്ഥിതി[illegible]തികൾ മനസ്സിലാക്കുവാൻ ഫാദർഹോ[illegible]സിന്റേയും മററും കൂടെ സാധാ[illegible]

അപ്പോസ്തലന്മാർ

മഹാന്മാരുടെ ജീവചരിത്രം നാം പഠിക്കുന്നതു് നാമും അവരെപ്പോലെ ആയിത്തീരുന്നതിനാണ്. ഭക്തന്മാരുടെ ജീവചരിത്രം നമ്മുടെ ഹൃദയത്തെ സ്പർശിക്കുന്ന പക്ഷം നാം നന്നാകുമെന്നുള്ളതിനു രണ്ടുപക്ഷമില്ല. കർത്താവിന്റെ സ്വഭാവം ശരിക്കു പഠിക്കുന്നതിനും, ശിഷ്യന്മാർക്ക് എങ്ങനെ മഹത്വം ലഭിച്ചു എന്നറിയുന്നതിനും അപ്പോസ്തലന്മാരെപ്പററി പഠിക്കുമ്പോൾ നമുക്കു സാധിക്കും. എന്നാൽ എല്ലാ അപ്പോസ്തലന്മാരെപ്പററിയുള്ള വ്യക്തവും, വിശദവുമായ അറിവ് വി. വേദപുസ്തകത്തിൽ നിന്നു ലഭിക്കുന്നില്ല.

പുതിയ നിയമത്തിൽ നാലുഭാഗങ്ങളിൽ മാത്രമേ ശിഷ്യന്മാരുടെ പട്ടിക കാണുന്നുള്ളൂ. ഈ നാലു പട്ടികകളിലും ശിഷ്യന്മാരിൽ ചിലരുടെ പേരിനും അതിന്റെ ക്രമത്തിനും ചില വ്യത്യാസങ്ങൾ കാണുന്നുണ്ട്. 12ശിഷ്യന്മാരെപ്പററി കൂലങ്കഷമായി പഠിക്കുമ്പോൾ അവർ മൂന്നുനാലു കുടുംബങ്ങളിൽ പെട്ടവരും വിവധ ജോലി ചെയ്തു ജീവിച്ചവരുമാണെന്ന് നമുക്കു കാണാം.

തന്നോടു കൂടെയിരിപ്പാനും പ്രസംഗിക്കുവാനുമാണ കർത്താവു അപ്പോസ്തലന്മാരെ തെരഞ്ഞെടുത്തതു്. ഇവിടെ കർത്താവു കൂട്ടായ്മയും, സഖിത്വവും അഭിലഷിച്ചിരുന്നതായി വ്യക്തമാണ്. യേശുക്രിസ്തു മനുഷ്യരുടെ സഹതാപം ആഗ്രഹിച്ചിരുന്നു. തന്റെ വേലയ്ക്കാവശ്യമായ സഹായം ശിഷ്യന്മാർ ചെയ്യണമെന്നു കർത്താവു ആഗ്രഹിച്ചു. ആദ്യം വളരെ ചുരുക്കം പേരു മാത്രമേ കർത്താവിനോടു ചേർന്നുള്ളു. കർത്താവിന്റെ വേലയ്ക്കു ധാരാളം പേരെ ആവശ്യമായിരുന്നു. ദൈവത്തെപ്പററി മനുഷ്യനെ അറിയിക്കുന്നതിനു ഇന്നും അന്നത്തെപ്പോലെ അനേകരെ ആവശ്യമുണ്ട്. കർത്താവിന്റെ വേല തുടരുന്നതിനാണു ശിഷ്യഗണത്തെ കർത്താവു വിളിച്ചാക്കിയതു്.

പന്ത്രണ്ടുപേരെ തെരഞ്ഞെടുത്തതു ഒരു യാദൃശ്ചിക സംഭവമല്ല. അതു പ്രവചന നിവൃത്തിയാണ്. പുതിയ ഇസ്രയേൽ 12ആളുകളിൽ കൂടിയത്രേ മുന്നോട്ടുവന്നിരിക്കുന്നതു് എന്നു കാണുമ്പോൾ യഹൂദന്മാർ അതുകണ്ടു പ്രവചനനിവൃത്തിമനസ്സിലാക്കണം.

കർത്താവു തെരഞ്ഞെടുത്തതു മുക്കവരെയാണ്. മുക്കവർ ചിലർ കരുതും പോലെ ഒരു നികൃഷ്ടജാതിയല്ല. യഹൂദന്മാർക്ക് ഏതു ജോലി ചെയ്യുന്നതിനുംമടിയായിരുന്നില്ല. ലോകത്തിലെ ബലഹീനരിൽ കൂടി ദൈവത്തിനു പ്രവർത്തിക്കുവാൻ കഴിയുമെന്നുള്ളതിന്റെ ഉത്തമോദാഹരണമാണ് നാം ഇവിടെ ദർശിക്കുന്നതു്. യേശുക്രിസ്തുവിനു ഏതു ജാതിക്കാരനെന്നോ തൊഴിൽക്കാരനെന്നോ കക്ഷിക്കാരനെന്നോ, ഉള്ള തരംതിരിക്കലോ, നോട്ടമോ ഇല്ല. ദൈവത്തിനു കിട്ടുന്നവരെക്കൊണ്ടു മാത്രമേ പ്രവർത്തനം നടത്തുവാൻ കഴിയുകയുള്ളു. സകലതും വിട്ടിട്ടു പോന്നവരെയാണ നാം കാണുന്നതു്. അവരെപ്പോലെ മഹത്വം പ്രാപിച്ചവരുമില്ല. കുടുംബത്തെയും വിദ്യാഭ്യാസയോഗ്യതയേയും നോക്കാതെ കർത്താവു് ആത്മികജീവനും ശക്തിയും നോക്കുന്നു. മഹാന്മാരായിരുന്ന മൂഡിയും, ജോൺ ബനിയനും എത്രയോ താണ നിലയിലുള്ളവരായിരുന്നു. ദൈവം അവരെ ഉയർത്തി. യേശുക്രിസ്തുവിന്റെ അടുക്കൽ വരുന്നവരെ അവൻ ഒരു നാളും തള്ളിക്കളയുകയില്ല. ഇതുതന്നെയാണ് ഈ ശിഷ്യന്മാരുടെ തെരഞ്ഞെടുപ്പിലും ദീക്ഷിച്ചിട്ടുള്ള പ്രമാണം. കക്ഷിഭേദം ദൈവത്തിനില്ല. സാക്ഷാൽ ദൈവത്തെ കാണുവാൻ കഴിയുന്നവർ എല്ലാ കക്ഷികളിലും ഉണ്ട്. എടുത്തുചാട്ടക്കാരനായ പത്രോസിനേയും ധ്യാനനിരതനായ യോഹന്നാനെയും വിശ്വാസമുള്ള ബർത്തലോമിയായെയും, വിശ്വസിക്കാത്ത തോമസിനെയും ഒരുമിച്ചു കൊണ്ടുപോകുന്നതിനു ക്രിസ്തുവിനു സാധിച്ചു. മാർത്തയേയും മറിയയേയും ഒരേ ലക്ഷ്യത്തിലേക്കു കർത്താവു നിയമിച്ചു.

അപ്പോസ്തലത്വത്തിന്റെ ആരംഭമാണ ശിഷ്യത്വം. യേശുക്രിസ്തുവിന്റെ സാക്ഷികൾ അവന്റെ ശിഷ്യന്മാരുമാണ്.

(കോട്ടയം റെവ. എം സി. എയിൽ വച്ചുറവ എം. ജെ. ചാണ്ടിഎടുത്ത വേദപഠന ക്ലാസ്സിന്റെ സംഗ്രഹം)

വേഷത്തിൽ തെരുവുകളിൽ കൂടി ചിലപ്പോൾ സഞ്ചരിക്കുമായിരുന്നു. ഫാദർ ഷോറിന്റെ സ്വാധീനം കൊണ്ടാണ മി.സി.പി. മാത്തനെ24 മണിക്കൂറിനുള്ളിൽ സെൻട്രൽ ജയിലിൽ നിന്നുവിട്ടയയ്ക്കണമെന്നു ന്യൂഡൽഹിയിൽനിന്നു ദിവാൻ സർ. സി. പി. രാമസ്വാമി അയ്യർക്കു തിരുവനന്തപുരത്തേക്കു വൈസ്രോയിയുടെ കമ്പിപോയതു്. ക[illegible]കിട്ടിയ ഉടനെ മാത്തൻ വിമോചി[illegible]യി. അങ്ങനെ വലിയ ഒരു അനീ[illegible] പരിഹാരമുണ്ടായി.

വാരപഞ്ചാംഗം

	മെയ്	ഇടവം
ഞായർ	30	16
തിങ്കൾ	31	17
ചൊവ്വാ	1	18
ബുധൻ	2	19
വ്യാഴം	3	20
വെള്ളി	4	21
ശനി	5	22

Thought for the Week

The whole process of social and civic development is the parallel growth of two things: the richness of individual personality with completeness of social intercourse. The development of personality in fellowship is no bad definition of what we mean by progress.

Archbishop Temple.

THE CHURCH WEEKLY

സുപ്രീംകോടതി നൽകിയിരിക്കുന്ന സുവർണ്ണാവസരം

സമുദായക്കേസിൽ സുപ്രീംകോടതി ചെയ്തിരിക്കുന്ന തീരുമാനം ചിലരെയെല്ലാം ആഹ്ളാദപ്പെടുത്തിയിരിക്കാം. മററു ചിലരെ ഭഗ്നാശരാക്കുകയും ചെയ്തിരിക്കാം. എന്നാൽ സുറിയാനി സഭയുടെ ഭാവിയെപ്പററി ചിന്തിക്കുന്നവർക്കു ഒരു സുവർണ്ണാവസരമാണു് ദൈവം പ്രദാനംചെയ്തിരിക്കുന്നതെന്നു കാണുവാൻപ്രയാസമില്ല. തുല്യനിലയിൽ നിന്നുകൊണ്ടു് സന്ധിയാലോചിക്കുവാൻ ഇരുകക്ഷികൾക്കും ഒരവസരം കൂടെ ലഭിച്ചിട്ടുണ്ടു്. പരാജിതരെന്നും, വിജയികളെന്നുമുള്ള മനോഭാവത്തോടുകൂടി സന്ധിവ്യവസ്ഥകളെ സമീപിക്കുന്നതു് പല വിധത്തിലുള്ള മാനസികവും തന്ത്രപരവുമായ വൈഷമ്യങ്ങൾ സംജാതമാകുക പതിവാകയാൽ ആ ഒരു ദുർഘട്ടത്തിൽനിന്നു ഇരുകക്ഷികളെയും മോചിപ്പിച്ചിരിക്കുന്ന ഈ സന്ദർഭത്തെ വേണ്ടവണ്ണം വിനിയോഗിക്കുവാൻ നമ്മിൽ പ്രാപ്തി അവശേഷിച്ചിട്ടില്ലെന്നു വരുമോ? ശാന്തവും, ദൈവാശ്രയസമന്വിതവുമായ ഒരു പ്രയത്നം സഫലമാകാതിരിക്കാൻ കാര്യമില്ല. സമുദായത്തിന്റെ പൊതുവായ നന്മയെ ലാക്കാക്കി ചിന്തിക്കുകയും അഭിപ്രായം രൂപവൽക്കരിക്കുകയും ചെയ്യാതെ വിഭാഗീയമായ താല്പര്യങ്ങളിലും പഴയവാശികളിലും നിലകൊണ്ടാൽ സമുദായത്തിലെ നൂറുശതമാനം അംഗങ്ങളും കാംക്ഷിക്കുന്ന സമാധാനം വന്നുചേരുന്നതല്ലെന്നു് പ്രത്യക്ഷമാണല്ലോ. ആരോടു ചോദിച്ചാലും സമാധാനം വേണമെന്നാണാഗ്രഹമെന്നുപറയും. പരമാർത്ഥമായ ഒരു ആഗ്രഹപ്രകടനമാണതെന്നുള്ളതിനു് സംശയമില്ല. സമുദായക്കേസിനു് വളരെയധികം പണം ചെലവിട്ടുകൊണ്ടിരിക്കുന്ന നേതൃസ്ഥാനികളും അവരുടെ ഹൃദയത്തിന്റെ അടിത്തട്ടിൽ സമാധാനമാണാഗ്രഹിക്കുന്നതു്. എന്നാൽ അവർ മുറുകെ പിടിച്ച ചില വാദമുഖങ്ങൾ എതിർകക്ഷികൾ സമ്മതിക്കാതെ ഒരു സമാധാന വ്യവസ്ഥയ്ക്കു് സമ്മതിക്കുന്നതിനുള്ള ദുരഭിമാനമാണു്, സീത പിടിക്കാൻപോയ പൊൻമാനെപ്പോലെ സമാധാനം കൈവന്നുയെന്നു് തോന്നിപ്പോയ അവസരത്തിലും അതു തെററിയൊഴിഞ്ഞു മാറുവാൻ ഇടവരുത്തിയിട്ടുള്ളതു്. അങ്ങനെയുള്ള ദുരഭിമാനങ്ങളും വിഭാഗീയ ചിന്തയും, പഴയ ചില മർമ്മഭേദകമായ അനുഭവവൈചിത്ര്യങ്ങളും, എതിർകക്ഷികളിൽനിന്നു് വന്നിട്ടുള്ള ആക്ഷേപങ്ങളും ഉപദ്രവങ്ങളും നാം നമ്മുടെ ചിന്താമണ്ഡലങ്ങളിൽനിന്നു് വലിച്ചു ദൂരെയെറിഞ്ഞു് പുരാതനമായ ഈ ചെറിയ സമുദായം ഇനിയും ഖണ്ഡിക്കപ്പെടുവാൻ അനുവദിക്കയില്ലെന്നുള്ള ഒരു ദൃഢനിശ്ചയം ഓരോ സമുദായാംഗവും ചെയ്യേണ്ട ഒരു സന്ദർഭമാണിതു്. ആ നിശ്ചയദാർഢ്യത്തിന്റെ പശ്ചാത്തലത്തിൽ നമ്മുടെ ചിന്തയ്ക്കു വിഷയമാക്കേണ്ട ചില സാമാന്യതത്വങ്ങൾ സമാധാനാലോചനകൾക്കും സഹായകമാകുമെന്നുള്ള വിശ്വാസത്തിൽ ഞങ്ങൾ അവതരിപ്പിച്ചുകൊള്ളട്ടെ. (1)അന്ത്യോഖ്യൻ സഭയുമായുള്ള നമ്മുടെ ബന്ധം മൈത്രീബന്ധമായിരിക്കണമോ, അതോ റോമൻ സഭയുടെ രീതിയിൽ റോമാ പാപ്പാ ഭരിക്കുകയും, ഇതര പ്രാദേശിക ശാഖകൾ ആ സംഘടനാശൃംഖലയിൽ അനുസരിക്കുകയും ചെയ്യുന്ന രീതി അംഗീകരിക്കണമോ (2) ഒന്നാം ഖണ്ഡികയിൽ പറയുന്ന രണ്ടാമത്തേ രീതിയാണു് ആവശ്യമെന്നു് തോന്നുന്നവർ കണ്ടേക്കാം. അവർ മലങ്കരസഭയുടെ ചരിത്രത്തിൽ അന്ത്യോഖ്യൻ സഭയുടെ അധീശത്വം വിവേകപൂർവവും, ദീർഘദൃഷ്ടിയോടും, നീതിപൂർവവും പ്രയോഗിക്കുന്ന ഒരു പാരമ്പര്യം അവർക്കുള്ളതായി സാധൂകരിക്കുന്ന ചരിത്രസത്യങ്ങൾ ആരാഞ്ഞുകണ്ടുപിടിക്കണം. അവ ഉദ്ധരിക്കണം. (3) ഒന്നാമത്തെ രീതിയാണു് അത്യന്താപേക്ഷിതമെന്നു് വിശ്വസിക്കുന്നവരുടെ സംഖ്യ ഇരുകക്ഷികളിലും ബഹുഭൂരിപക്ഷമല്ലേ? അങ്ങനെയെങ്കിൽ ആ മൈത്രീബന്ധം ഏതുരീതിയിൽ തുടരണം. (4) ഏഴാംകാനോനും, 18 ആമം കാനോനും നമ്മെ ഭിന്നിപ്പിക്കുവാനനുവദിക്കാതെ, അവയിൽ നമ്മുടെ സഭയുടെ ആധുനികമായ പരിതസ്ഥിതികളെയും, ചരിത്ര സാഹചര്യങ്ങളെയും, പുരോഗതിയേയും പരിഗണിച്ചു് എടുക്കാവുന്നവ എടുത്തു പുതിയ വ്യവസ്ഥകൾ ആവശ്യമായവ കൂട്ടിചേർത്തു് ഒരു പുതിയ കാനോൻ നമ്മെ ഭരിക്കേണ്ട നിയമപ്രമാണമായി സ്വീകരിക്കുന്നതിനു് എന്താണു് തടസ്സം? (5) സുറിയാനി സഭാചരിത്രത്തിൽ പാത്രിയർക്കീസുമാർ തമ്മിലും ബിഷപ്പന്മാർ തമ്മിലും ഉണ്ടായിട്ടുള്ള സുദീർഘകാലത്തെ ഭിന്നതകൾ അവസാനിപ്പിച്ച ഘട്ടങ്ങളിൽ പരസ്പര സ്വീകരണംകൊണ്ടു് സൌഹാർദ്ദം പുനഃസ്ഥാപിച്ച ഉദാഹരണങ്ങൾ സുലഭമായിരിക്കെ സമാധാനത്തിനു് നാം എന്തുകൊണ്ടു് ആ മാർഗ്ഗം സ്വീകരിച്ചുകൂടാ. (6) ഇൻഡ്യയുടെ സ്വതന്ത്രമായ നവീനപരിതസ്ഥിതിയിൽ ഇൻഡ്യാരാജ്യത്തു സ്വതന്ത്രവും, ദേശീയവും, അതേ സമയം അപ്പോസ്തോലികവുമായവിശ്വാസപാരമ്പര്യമുള്ള ഇതര രാജ്യങ്ങളിലെ ക്രൈസ്തവ സഭകളോടു സുദൃഢമായ സാഹോദര്യബന്ധവുമുള്ള ഒരു ക്രൈസ്തവസഭയ്ക്കു് ഒരു പ്രത്യേക ഉത്തരവാദിത്വവും സ്ഥാനവുമില്ലേ? (6) അന്ത്യോഖ്യാപാത്രിയർക്കീസ് സിംഹാസനത്തിനോടു തുല്യമായ പ്രാധാന്യപാരമ്പര്യങ്ങൾ ഉള്ള കാതോലിക്കാസിംഹാസനം ഭാരതത്തിൽ ഉള്ളതു് സഭയുടെ സ്വതന്ത്രമായവികസനത്തിനും സേവനപരിപാടികൾക്കും സ്വാധീനത്തിനും ഉതകുന്നതല്ലേ? (7) വല്ല കാരണവശാലും ഏകീകൃതമായ ഒരു അഭിപ്രായത്തിൽ എത്തിച്ചേരുവാൻ സാധിക്കാത്തപക്ഷം രണ്ടു കക്ഷികളും അവരവരുടെ അഭിപ്രായസ്വാതന്ത്ര്യത്താൽ അവരുടെ പള്ളികളും, സ്കൂളുകൾ മുതലായ സ്ഥാപനങ്ങളും നടത്തിക്കൊണ്ടുപോകുകയും, പഴയസിമ്മനാരി, നേത്രവേലി,കായൽ മുതലായ പൊതുസ്വത്തുക്കൾ ഒരു ന്യായമായ അടിസ്ഥാനത്തിൽ വിഭജിക്കുകയും ചെയ്തു കേസ്സവസാനിപ്പിക്കുന്നതു് ബുദ്ധിപൂർവവും വിവേകവുമല്ലേ? (8)കേവലം ഭരണ പരമായ അഭിപ്രായവ്യത്യാസമുള്ള ണ്ടുകക്ഷികൾ വിശ്വാസാചാരങ്ങള

പ്രതിവാരപ്രഭാഷണം (The Sermon for the Week)

ക്രിസ്തീയ പ്രാർത്ഥന

(എം. ററി.)

“നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നതു എന്തെങ്കിലും അപേക്ഷിച്ചിൻ; അതു നിങ്ങൾക്കു കിട്ടും.

(വി. യോഹന്നാൻ 15: 7)

നമ്മുടെ ആഗ്രഹങ്ങളെ ദൈവത്തിങ്കലേക്കു ഉയർത്തുകയാണ് പ്രാർത്ഥന. ആഴമായ ആഗ്രഹമാണ് പ്രാർത്ഥനയുടെ ആത്മാവ്. നമ്മുടെ പലപ്രാർത്ഥനകളും വൃഥാ വാക്കുകൾ മാത്രമാണ്. ആ വാക്കുകൾ നമ്മുടെ ഹൃദയാന്തർഭാഗത്തിലെ ആഗ്രഹങ്ങളെയോ ആശയങ്ങളെപ്പോലുമോ സംബന്ധിക്കുന്നവയല്ല. എന്നാൽ ആഴമായ ആഗ്രഹത്തിൽനിന്നുൽഭവിക്കുന്ന പ്രാർത്ഥനകളെല്ലാം ശരിയായ പ്രാർത്ഥനകളാണെന്നർത്ഥമില്ല. ക്രിസ്തീയ പ്രാർത്ഥനയ്ക്കു മറെറാരു വശംകൂടി ഉണ്ട്. അത് ആർ ക്രിസ്തുവിൽ വസിക്കുകയും ക്രിസ്തുവിന്റെ വചനം ആരിൽ വസിക്കുകയും ചെയ്യുന്നുവോ അങ്ങനെയുള്ളവരുടെ ആഗ്രഹമാണ് പ്രാർത്ഥന. ഏതെങ്കിലും കാര്യം നാം ആഗ്രഹിച്ചതുകൊണ്ടു മാത്രമായില്ല. നമ്മുടെ ആഗ്രഹം ക്രിസ്തുവും നാമുമായുള്ള ഉററബന്ധത്തിന്റെ ഒരു പ്രകടനമായിരിക്കണം. അതായതു് നമ്മുടെ പ്രാർത്ഥനയെ ഭരിക്കുന്നതു നമ്മിൽ വസിക്കുന്നക്രിസ്തുവിന്റെഅഭിലാഷങ്ങളായിരിക്കണം. ക്രിസ്തുവിന്റെ ഹിതമനുസരിച്ചുള്ളപ്രാർത്ഥനമാത്രമാണ് ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം ശരിയായ പ്രാർത്ഥന. അതു ദൈവസന്നിധിയിൽ സദാ സ്വീകാര്യമായിരിക്കും. അതിനുത്തരം ലഭിക്കുമെന്നുള്ളതും തീർച്ചയാണ്. “എന്റെ നാമത്തിൽ നിങ്ങൾ പിതാവിനോടു് എന്തുചോദിച്ചാലും അതു നിങ്ങൾക്കുകിട്ടും.” എന്നു കർത്താവ് അരുളിച്ചെയ്തിരിക്കുന്നതിന്റെ അർത്ഥം അതാണ്.

എല്ലാ പ്രാർത്ഥനയ്ക്കും ഒരു മുൻതലവും പശ്ചാത്തലവും ഉണ്ട്. മുൻതലം നമ്മുടെ ആഗ്രഹമാണ്. പശ്ചാത്തലം ദൈവഹിതം മാത്രം നടന്നാൽ മതിയെന്നുള്ള ഒരു ദൃഢനിശ്ചയമാണ്.

ഈരണ്ടുവശങ്ങളും പ്രാർത്ഥനയ്ക്കു് അത്യന്താപേക്ഷിതമാണ്; ആഗ്രഹമില്ലാത്ത പ്രാർത്ഥന നിരർത്ഥകവും നിർജ്ജീവവുമാണ്. ദൈവഹിതത്തെ കുറിച്ചുള്ള ദൃഢനിശ്ചയമില്ലാത്ത പ്രാർത്ഥന സ്വാർത്ഥപരവുമാണ്.

നമ്മുടെ ആഗ്രഹങ്ങളെ നാം ദൈവത്തെ അറിയിക്കുന്നതു ദൈവത്തിന്റെശ്രദ്ധയെ നമ്മിലേക്കു ആകർഷിക്കുവാനോ ദൈവത്തിന്റെ മനസ്സുതിരിക്കുവാനോ അല്ല. നാംപറയാതെ തന്നെ നമ്മുടെ ആവശ്യങ്ങളെയും ആഗ്രഹങ്ങളെയും ദൈവം അറിയുന്നു. ദൈവത്തിന്റെ ഹിതം മാറാവുന്നതോ മറെറങ്ങതോഅല്ലതാനും. പിന്നെ പ്രാർത്ഥനയുടെ ആവശ്യമെന്താണ്? പ്രാർത്ഥനമൂലം സാധിക്കേണ്ട ഒരു പ്രധാനകാര്യം നമ്മുടെ ഹിതത്തെ ദൈഹിതത്തോടു് അനുരൂപമാക്കുക എന്നുള്ളതാണ്: നമ്മുടെ എല്ലാ ആഗ്രഹങ്ങളും നമുക്കു തുറന്നു ദൈവത്തോടു പറയാം. എന്നാൽ ദൈവഹിതത്തിനെതിരാണെന്നു നമുക്കുബോദ്ധ്യപ്പെടുന്ന ആഗ്രഹങ്ങൾക്കായി ദൈവത്തോടു പ്രാർത്ഥിക്കുന്നതു ശരിയല്ല. തുടർച്ചയായുള്ളപ്രാർത്ഥനയുടെ ഫലമായിനമ്മുടെ ചിലആഗ്രഹങ്ങൾ താനേ അപ്രത്യക്ഷമാകും. എന്നാൽ ചില ആഗ്രഹങ്ങൾ കൂടുതൽ ശക്തി പ്രാപിക്കുകയും സാധിതപ്രായമായിത്തീരുകയും ചെയ്യും.

സാധാരണമായി നമ്മുടെ പ്രാർത്ഥനകളെ മൂന്നായി തരം തിരിക്കാം. (1)നമ്മുടെ ആത്മീയ ആവശ്യങ്ങൾക്കായുള്ള പ്രാർത്ഥന (2)ഭൗതിക ആവശ്യങ്ങൾക്കായുള്ള പ്രാർത്ഥന (3) മററുള്ളവർക്കു വേണ്ടിയുള്ള പ്രാർത്ഥന, അല്ലെങ്കിൽ മദ്ധ്യസ്ഥപ്രാർത്ഥന. എങ്ങനെയുള്ള പ്രാർത്ഥനകളായാലും നമ്മുടെ എല്ലാ പ്രാർത്ഥനയ്ക്കും ചില അതിരുകൾ നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. വേറൊരുവിധത്തിൽപറഞ്ഞാൽ പ്രാർത്ഥനയെ സംബന്ധിച്ചും യാതൊരതിരുമില്ലാത്തചിലവാഗ്ദാനങ്ങളും കർത്താവു നൽകിയിട്ടുണ്ട് “നിങ്ങൾ വിശ്വസിച്ചുകൊണ്ടു പ്രാർത്ഥനയിൽ എന്തു യാചിച്ചാലും നിങ്ങൾക്കു ലഭിക്കും (വി: മത്തായി 21. 22) ഈ വാക്യത്തിൽ പ്രാർത്ഥനയുടെ അതിരുകളും അതിരില്ലായ്മയും രണ്ടും നമുക്കു കാണാം. എന്തുയാചിച്ചാലും കിട്ടുമെന്നു പറയുന്നു. ആത്മീയമെന്നോഭൗതികമെന്നോ, നമുക്കുവേണ്ടിയുള്ളതെന്നോ മററുള്ളവർക്കുവേണ്ടിയുള്ളതെന്നോ യാതൊരു വ്യത്യാസവുമില്ലാതെ എന്തും നമുക്കു ചോദിക്കാം. യാതൊരതിരും നിർണ്ണയിക്കപ്പെട്ടിട്ടില്ല. എന്നാൽ നാം യാചിക്കുന്നതു വിശ്വസിച്ചുകൊണ്ടായിരിക്കണം. അതുമുമ്പു പറഞ്ഞതു പോലുള്ള ഒരു വ്യവസ്ഥയാണ്. ഉറച്ചവിശ്വസമുണ്ടാകണമെങ്കിൽനമ്മുടെ പ്രാർത്ഥന ശരിയായ കാര്യത്തിനും ശരിയായഉദ്ദേശത്തോടുകൂടിയതും അതായതു് ദൈവഹിതമനുസരിച്ചുള്ളതും ആയിരിക്കണം.

എന്തെങ്കിലും ആപത്തു വരുമ്പോൾ മാത്രമോ അത്യാവശ്യം നേരിടുമ്പോൾ മാത്രമോ ദൈവത്തെ സമീപിക്കുന്ന ഒരു പതിവു നമുക്കുണ്ട്! അതു ശരിയല്ല! ആപൽസന്ധികളിൽ മാത്രം പ്രവർത്തിക്കുന്നവനല്ല ദൈവം. ദൈവം സദാ പ്രവൃത്തിച്ചുകൊണ്ടേയിരിക്കുന്നു, കാൽവറിയിലെ ദൈവത്തെ തന്നെയാ

തികച്ചും ഏകസഭയായി കഴിയുന്ന ഈ സുറിയാനി സമുദായം വിശ്വാസാചാരങ്ങൾ സംബന്ധിച്ച വ്യത്യാസങ്ങൾ വരുത്തുമ്പോൾഒരു പരസ്പരാലോചന നടത്തുമെന്നുള്ള ഒരു പരസ്പരധാരണയിൽ രണ്ടു ഭരണരീതിയിൽ തന്നെ പത്തു കൊല്ലക്കാലത്തേക്ക് അവരവരുടെ നിലയനുസരിച്ചു കാര്യങ്ങൾ നിർവഹിക്കുകയും, വാശിയുംവൈരാഗ്യവും ആറി വരുന്ന ഒരു പുതിയ പരിതഃസ്ഥിതിയിൽ പുതിയ ഒരു തലമുറയിലെ നേതാക്കന്മാർ ശാശ്വതമായ ഒരു സന്ധിയെപ്പററി അന്നു ആലോചനകൾ നടത്താനുള്ള സാദ്ധ്യത അടയ്ക്കാതെ ഒരു തൽക്കാലസന്ധിക്ക്ഇരുകക്ഷികളുംചേർന്ന് ഒപ്പുവയ്ക്കുവാൻ അവസരം നൽകുകയും ചെയ്യാൻസാദ്ധ്യമല്ലേ?

ഇങ്ങനെയുള്ള പലപ്രശ്നങ്ങളുംപലരുടെയും മനസ്സിൽ ഉദിച്ചുയരുന്നുണ്ടെന്നു ഞങ്ങൾക്കറിയാം. ഇപ്പോഴത്തെ പരിതഃസ്ഥിതിയിൽ ആത്യന്തികമായ സംയോജിപ്പിനെ ഹനിക്കാത്ത ഒരു തൽക്കാലസന്ധിയിലെങ്കിലും ഏർപ്പെടുവാനുള്ള വിവേകം സമുദായത്തിനു് നശിച്ചിട്ടില്ലെന്നും ഇപ്പോൾത്തന്നെ കേസിനുവേണ്ടി ശേഖരിക്കുവാൻ ആഗ്രഹിക്കുന്ന പണം ഇരുകക്ഷികളുടെയും ദൈവനീതമായ സേവനപദ്ധതികൾ കാത്തു നിൽക്കുന്ന അനേകസംരംഭങ്ങൾക്കു തിരിച്ചുമാററുവാൻ ഇടയാകുമെന്നും അങ്ങനെസൃഷ്ടിപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു് സ[illegible]ം മാനു ദൈവേഷ്ടം ചെയ്യുവാൻ [illegible]ഠിക്കുന്ന കാലയളവിൽ ക്രിസ്തുസഭ[illegible]ട പരമമായലക്ഷ്യങ്ങളിൽ നാംയോ[illegible]ച്ചു കഴിയുന്നഒരു പരിതഃസ്ഥിതി വ[illegible]മെന്നുംഞങ്ങൾ ആശിക്കുന്നു.

ചരിത്രപംക്തി

മലങ്കരസഭയിലെ അർക്കദിയാക്കോന്മാരും മാർ തോമ്മാ മെത്രാന്മാരും

(പി. എം. പത്രോസ് മുളന്തുരുത്തി)

മാർ ഗ്രീഗോറിയോസിന്റെ കായങ്കുളത്തെ താമസവും അദ്ദേഹം അവിടെ അഭിമുഖീകരിക്കേണ്ടിവന്ന വിഷമതകളും അദ്ദേഹത്തിന്റെ അനാരോഗ്യവും കാരണം കത്തനാർക്ക് അദ്ദേഹത്തോടു അനുകമ്പതോന്നി. എന്നാൽ ആ സമയത്തു പുതിയാവിൽ പാർത്തിരുന്ന മാർ ഈവാനിയോസ് എപ്പിസ്കോപ്പായും കാട്ടുമങ്ങാട്ടു കത്തനാരും തമ്മിൽ നീരസമായിരുന്നു. ഈ ഇടയ്ക്കു മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ഓമല്ലൂർ പള്ളിയിലേയ്ക്കു പോയിരുന്നു. കാട്ടുമങ്ങാട്ടു കത്തനാർ ഓമല്ലൂരെത്തി. മലങ്കരമെത്രാനെ കണ്ടു. മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്തായുടെ സ്ഥിതിഗതികൾ ആശങ്കാവഹമാണെന്നും തന്റെ സ്വദേശത്തു സമർത്ഥരായ കൺവൈദ്യരുണ്ടെന്നും അവരെ കാണിച്ചു ചികിത്സകൾ നടത്തിയാൽ അദ്ദേഹത്തിന്റെ അന്ധത പരിഭേദം മാറുമെന്നും അതിലേക്കു പലേ തരത്തിലുള്ള സൌകര്യങ്ങൾ ഉണ്ടെന്നും മററും ബാവായോടു ഉപദേശിച്ചു. അദ്ദേഹത്തിനു കത്തനാരുടെ ഈ ഉപദേശം സമ്മതമായി. മലങ്കരമെത്രാന്റെ അടുക്കൽ ചെന്നു ഈ വിവരങ്ങൾ ധരിപ്പിച്ചു. അദ്ദേഹത്തിനും ഈ ഉപദേശം നന്നാണെന്നുതോന്നി. കത്തനാരൊന്നിച്ചു മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ കൊണ്ടുപൊയ്ക്കൊള്ളാൻ അനുവദിക്കുകയും ചെയ്തു. മുളന്തുരുത്തിക്കു ചികിത്സാർത്ഥം പോകുന്നുവെന്ന ഭാവേന തിരിച്ചെങ്കിലും ചെന്നെത്തിയതു കൊച്ചീമട്ടാഞ്ചേരിപള്ളിയിലും ആയിരുന്നു.

കാട്ടുമങ്ങാട്ടു അബ്രഹാം (കുഞ്ഞൻ) കത്തനാർക്കു മുമ്പുതന്നെ മാർ ബസേലിയോസ് കാതോലിക്കാ റമ്പാത്വം നൽകിയിരുന്നു. ഇദ്ദേഹത്തിനു റമ്പത്വം നൽകിയ സമയത്തുതന്നെ കണ്ടനാട്ടു ഇടവകക്കാരനായ കാററാടി കുരുവിള (പൗലൂസ്) കത്തനാർക്കും റമ്പത്വം നൽകിയിരുന്നു. ഈവിധത്തിൽ അവർ മൂവരും കൂടി കൊച്ചിപ്പള്ളിയിൽ താമസിച്ചു. ഇങ്ങിനെ ഇരിക്കെ ഒരു ദിവസം മാർ ഗ്രീഗോറിയോസിന്റെ ആജ്ഞയനുസരിച്ചു കാററാടി പൗലൂസ് റമ്പാനെ കൊണ്ടു വി: കർബാന അനുഷ്ഠിപ്പിക്കയും മാർ ഈവാനിയോസിന്റെയോ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെയോ സമ്മതവും അനുവാദവും കൂടാതെ കാട്ടുമങ്ങാട്ടു റമ്പാനെ എ. ഡി. 1772 വൃശ്ചികം 17—ാംനു മാർ കൂറിലോസ് എന്ന സ്ഥാനപ്പേരിൽ മെത്രാനായി വാഴിക്കുകയും ചെയ്തു.

മേല്പട്ടസ്ഥാനം കൊടുക്കുന്ന ആൾതന്നെ വി: കുർബാന അനുഷ്ഠിക്കണമെന്നുള്ളതാണു സഭാ നിയമം. കാനോൻവിധിയും അങ്ങനെയാണ്. ഇതുകൾക്കെല്ലാം പ്രത്യക്ഷവിരോധമായിട്ടാണു ഒരു റമ്പാനെക്കൊണ്ടു വി: കുർബാന അർപ്പിക്കയും മാർ ഗ്രീഗോറിയോസ് തനിച്ചു മെത്രാൻ സ്ഥാനം നൽകുകയും ചെയ്തതു്. അനന്തരം മാർ ഗ്രീഗോറിയോസിനെ അബ്രഹാം കത്തനാർ തന്റെ സ്വദേശമായ മുളന്തുരുത്തിലേക്കു കൊണ്ടുവരികയും മുളന്തുരുത്തിപ്പള്ളിയിൽ താമസിപ്പിക്കയും ചെയ്തു. ഇങ്ങനെ മുളന്തുരുത്തിപ്പള്ളിയിൽ താമസിച്ചു ചികിത്സിച്ചുവരവെ ആ കൊല്ലം മിഥുനം 27—ാംനു അദ്ദേഹം മുളന്തുരുത്തിപള്ളിയിൽ വച്ചു കാലഗതിപ്രാപിക്കയും പള്ളി മദ്ബഹായിൽ വടക്കു ഭാഗത്തു സംസ്കരിക്കപ്പെടുകയും ചെയ്തു. 'വടക്കേ കബറുങ്കൽ ബാവാ' എന്നു പറയുന്നതു ഇദ്ദേഹത്തെയാണ്.

കാട്ടുമങ്ങാട്ടു റമ്പാന്റെ മെത്രാൻ സ്ഥാനസ്വീകരണം മാർ ഈവാനിയോസിനും മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായ്ക്കും അനിഷ്ടത്തിനും മററും കാരണമായിത്തീർന്നു. മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ ഈ വിവരം അറിഞ്ഞ ഉടനെ കണ്ടനാട്ടെത്തി താമസിച്ചു കൊണ്ടു ധനാഢ്യരും പൌരപ്രധാനന്മാരും രാജസേവകരും ആയിരുന്ന മുളന്തുരുത്തിൽ പള്ളത്തിട്ടയിൽ അയ്പ്പു കോരത്തരകന്റെയും കണ്ടനാട്ട് കരവട്ടു വീട്ടിൽ അയ്പ്പുകോരത്തരകന്റെയും സ്വാധീനം നേടിക്കൊണ്ടു തന്റെ പിടിയിൽ നിന്നും ഒളിച്ചോടിപ്പോയ കാട്ടുമങ്ങാട്ടു മെത്രാനെ ചാരന്മാർ മുഖേന വഴിമദ്ധ്യെവെച്ചു പിടികൂടി കണ്ടനാട്ടു പള്ളിയിൽ കൊണ്ടുവന്നു പള്ളിമുറിയിൽ താമസിപ്പിക്കയും മുറിക്കു കാവൽ ഇടുകയും ചെയ്തു. അവിടെ വെച്ചു ഒരു പള്ളി പ്രതിനിധിയോഗം മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ നടന്നു. ഈ യോഗത്തിന്റെ തീരുമാനം മലങ്കര മെത്രാപ്പോലീത്തായുടെയോ മലങ്കരസമുദായത്തിന്റെയോ അറിവോ സമ്മതമോ കൂടാതെ മേല്പട്ടം സ്വീകരിച്ചതിനു പ്രായശ്ചിത്തമായി അടുത്ത ഞായറാഴ്ച ഒരു കത്തനാരുടെ പദവിയിൽ കാട്ടുമങ്ങാട്ടു മെത്രാൻ വി. കുർബാന അനുഷ്ഠിക്കണമെന്നായിരുന്നു.

ഇങ്ങനെ കണ്ടനാട്ടു പള്ളിമുറിയിൽ പ്രത്യേക ബന്ധനത്തിൽ അകപ്പെട്ട മാർ കൂറിലോസു് മെത്രാനു യോഗ നിശ്ചയം എന്തെന്നില്ലാത്ത സങ്കടത്തിനും സങ്കോചത്തിനും ഇടയായെന്നു വിശേഷ്യാ പ്രസ്താവിക്കണമെന്നില്ലല്ലോ.

ണു് കാനാവിലെ കല്യാണത്തിനും നാം കാണുന്നതു്. അൽഭുതങ്ങളെ പ്രവർത്തിക്കുവാൻ മാത്രമല്ല നാം ദൈവത്തെ അന്വേഷിക്കേണ്ടതു്. സാധാരണ ജീവിതത്തിലും ദൈവത്തെ കൂടാതെ നമുക്കു സാദ്ധ്യമല്ല. എല്ലായ്പോഴും എല്ലാകാര്യത്തിലും ദൈവത്തോടിടപെട്ടുകൊണ്ടു് ദൈവഹിതമനുസരിച്ചു ജീവിതം മുഴുവനും മുമ്പോട്ടുകൊണ്ടുപോകുന്നവർക്കു പ്രാർത്ഥന ശ്വാസോച്ഛ്വാസംപോലെയാണു്. പ്രാർത്ഥന ശ്വാസോച്ഛ്വാസംപോലെ നിരന്തരവും സ്വാഭാവികവുമായിത്തീരണം. അപ്പോൾ ഇടവിടാതെ പ്രാർത്ഥിപ്പീൻ. എന്നുള്ള അനുശാസനം നമുക്കു അന്വർത്ഥമായിത്തീരും. ജീവിതം മുഴുവൻ ഒരു പ്രാർത്ഥനയായിമാറും. ഇതു വളരെ സൗഭാഗ്യകരമായ ഒരവസ്ഥയാണു്. ചുരുക്കിപ്പറഞ്ഞാൽ കർത്താവും നാമുമായുള്ള ആന്തരീയ ബന്ധത്തിന്റെ ഒരു പ്രതിഫലനവും പ്രകടനവും മാത്രമായിത്തീരും. നമ്മുടെ പ്രാർത്ഥന. അതുകൊണ്ടു് പ്രാർത്ഥനാജീവിതത്തിന്റെ വളർച്ചയ്ക്കു ഏററവും ആവശ്യമായിട്ടുള്ളതു നമുക്കു കർത്താവിനോടുള്ള ബന്ധമാണു്. അതു ദൃഢപ്പെട്ടുവരുമ്പോൾ നമ്മുടെ പ്രാർത്ഥനയും പുരോഗമിക്കും. കർത്താവിന്റെ നാമത്തിൽ പ്രാർത്ഥിക്കുവാൻ പരിശുദ്ധാത്മാവു നമ്മെ പഠിപ്പിക്കട്ടെ.

വേദവായനക്കുറിപ്പുകൾ

തിങ്കൾ. മത്തായി 25. 34—40.

ദരിദ്രരും, പീഡിതരും, നിരാധാരും ആയവരെ പരിചരിക്കണമെന്നുള്ളതിനു ക്രിസ്തീയമായി പൊതുഅംഗീകരണം ലഭിച്ചിട്ടുണ്ടു്. ചില പ്രത്യേക സാഹചര്യങ്ങളിൽ നമ്മിൽ പലരും സഹായാർഹരെ സഹായിച്ചു എന്നു വരാം. എന്നാൽ അപരിധിയ്ക്കു വെളിയിൽ നമ്മുടെ സഹായത്തിനു് അർഹരായി തീരുന്നവരെത്രപേരുണ്ടു്. ഏററവും വലിയ സഹായത്തിനർഹർ നമ്മുടെ വീക്ഷണം എത്തപ്പെടാത്ത ചില സ്ഥലങ്ങളിലാണെന്നു വരാം. സ്വാഭിമാനമുള്ളവർ ഭിക്ഷ യാചിക്കുന്നതിനെക്കാൾ നന്നു് മരിക്കുന്നതാണെന്നു് കരുതുവാനെളുപ്പമുണ്ടു്. അങ്ങനെയുള്ളവരുടെ സഹായാഭ്യർത്ഥന നമ്മുടെ അടുക്കൽ എത്തി എന്നു വരുന്നതല്ല. അതുകൊണ്ടു് ആധുനികസമുദായം—അതു് എത്രതന്നെ ചെറുതായിരിക്കട്ടെ, അതിന്റെ പരോപകാരപ്രദമായ പ്രവൎത്തനങ്ങളെ എത്രയും സുസംഘടിതമാക്കുകയും സഹായഹസ്തങ്ങൾ എത്തപ്പെടാത്ത ഒരു വ്യക്തിയും ഇല്ലെന്നു് പറയത്തക്കവിധത്തിൽ അത്രമാത്രം ഏതൽ പ്രവൎത്തനങ്ങൾ കാര്യക്ഷമമാക്കുകയും ചെയ്യേണ്ട ആവശ്യമുണ്ടു്. ആലക്ഷ്യം നിറവേററാത്തിടത്തോളം ഒരു സമുദായവും ദരിദ്രരെ കരുതുന്നു എന്നു് പറയുവാൻ നിവൃത്തിയില്ല. അവശതാപരിഹരണാർത്ഥം സേവനമനുഷ്ഠിക്കുന്നസഹകരണസംഘങ്ങളുടെ അഭാവത്തിൽ ആർദ്രഭാവമോ വിപ്ളവധ്വനിയോ, പ്രാർത്ഥനയോ ആളാംപ്രതിയുള്ള സഹായമോ ഒന്നും ലക്ഷ്യപ്രാപ്തിക്കുമതിയാകുന്നതല്ല.

ചൊവ്വാ. ലൂക്കോസ് 15. 1—7.

വഴി പിഴച്ച ജീവിതം നയിക്കുന്നവരുടെ സ്വഭാവരൂപവൽക്കരണത്തിനുവേണ്ടി പ്രവൎത്തിക്കേണ്ടതു് ക്രൈസ്തവധർമ്മമാണെന്നാരുംസമ്മതിക്കും. ക്രൈസ്തവജീവിതത്തിനുള്ള ശ്രമത്തിൽ പരീക്ഷിതരും പരാജിതരുമായവരെ സഹായിക്കുവാൻ പല അവസരങ്ങൾ അതിനുവേണ്ടി ശ്രമിക്കുന്നവൎക്കു് ലഭിക്കുന്നുണ്ടു്. എന്നാൽ ഇവിടെ [illegible]ം കേവലം വ്യക്തി പരമായ ശ്രമം കൊണ്ടു് മാത്രം സംതൃപ്തിയടയുവാൻ നിവൃത്തിയില്ല. നിങ്ങൾ ജീവിക്കുന്ന [illegible]ത്തിലെയോ, പട്ടണത്തിലെയോ, [illegible]മാർഗ്ഗികനില എന്താണെന്നു് ഗ്ര[illegible]വാൻ നിങ്ങളെ ഉൽക്കൊള്ളുന്ന [illegible]യം എന്തു് ചെയ്തിട്ടുണ്ടു്. സംഘടിതമായ വിധത്തിൽ വഷളത്തരങ്ങൾ നിങ്ങളുടെ നഗരത്തിൽ നടക്കുന്നില്ലേ? അസാന്മാർഗ്ഗികങ്ങളായ നാടകങ്ങളും സിനിമാകളും പ്രദർശിപ്പിക്കാതിരിക്കുവാൻ എന്തുശ്രമം നടക്കുന്നുണ്ടു്. പൊതുആരാധനങ്ങളിൽ സംബന്ധിക്കുന്ന യുവതീയുവാക്കന്മാരുടെ എത്ര ശതമാനം അങ്ങനെയുള്ളയാതൊന്നിലും പങ്കെടുക്കാതെ വ്യർത്ഥജീവിതം നയിക്കുന്നുണ്ടെന്നു് നിങ്ങൾക്കറിയാമോ? ക്രൈസ്തവർസുസംഘടിതമായി ശ്രമിക്കുന്നപക്ഷം പവിത്രീകരിക്കുവാൻ പാടില്ലാത്ത വിധം മലീമസമായ യാതൊരു സ്ഥലവും ഇന്നു് ഭൂമുഖത്തില്ല. എന്നാൽ അതിന്റെ ആവശ്യത്തെക്കുറിച്ചു് ബോധമുള്ളവർ എത്ര പേരുണ്ടെന്നുള്ളതാണു് പ്രശ്നം.

ബുധൻ. എശായാ. 62. 1–5.

കുഞ്ഞുങ്ങളുടെ പരിചരണം, രോഗികളുടെ ശുശ്രൂഷ, ദരിദ്രരുടെ സംരക്ഷണം ഈവക കാര്യങ്ങളിൽ സമുദായം ഉത്തരവാദിത്വം എടുക്കേണ്ടതിന്റെ ആവശ്യകതയെപ്പററി കഴിഞ്ഞ ചിലദിവസങ്ങളിൽ നാം ചിന്തിക്കുകയുണ്ടായി. എന്നാൽ ഈ പൊതുഉത്തരവാദിത്വം സമുദായങ്ങൾക്കുപരിയായി രാഷ്ട്രത്തിന്റേതായിത്തീരേണ്ടതാണു്. ഇന്നു് അക്രമങ്ങളും മററും നടക്കുന്നതു് ദേശീയമായ തോതിലാണെന്നുപറഞ്ഞാൽ അതിൽ വലിയ അതിശയോക്തിയുണ്ടായിരിക്കുകയില്ല. അവയെ തടയണമെങ്കിൽ ദേശീയമായി അവയെ നേരിടുകയും അതിനു് ഓരോ വ്യക്തിയും പൊതുകാര്യങ്ങളിൽ താല്പര്യമുള്ളവനായിത്തീരുകയും വേണം. പൗരത്വം ക്രിസ്തീയമായസേവനങ്ങൾ അനുഷ്ഠിക്കുന്നതിനുള്ള ഒരുപാധിയായിത്തീരുക, പൊതുജനാവശ്യങ്ങളും കുറവുകളും മനസ്സിലാക്കി അവയ്ക്കു് പരിഹാരം ഉണ്ടാക്കുക—ക്രിസ്തീയമായ പൂർണ്ണജീവിതത്തിനു് ഈ വിധമുള്ള സേവനമാവശ്യമത്രേ. സീയോനുവേണ്ടി തീവ്രമായി വാദിക്കുന്ന പ്രവാചകനെപ്പോലെ സ്വരാജ്യത്തെപ്പററി ചിന്തിക്കുന്നവരായിരുന്നു ക്രൈസ്തവരെങ്കിൽ ലോകത്തിൽ എത്ര വലിയ പരിവർത്തനം ഉണ്ടാകുമായിരുന്നു?

വ്യാഴം. ഏശായാ. 2. 2–4.

പ്രവാചകന്റെ ഈപ്രത്യാശ നിറവേററണമെങ്കിൽ സഹകരണപരമായ പൊതുഉത്തരവാദിത്വം ദേശീയപരിധികളെയും അതിലംഘിക്കേണ്ടതാണു്. യുദ്ധം ഒഴിച്ചുനിർത്തുവാൻ നിവൃത്തിയില്ലെന്നു് അശുഭപ്രതീക്ഷകർ വാദിക്കുമ്പോൾ അടിമത്തംപോലെതന്നെ യുദ്ധവും ഒഴിച്ചുവയ്ക്കാവുന്നതാണെന്നു് വാദിക്കുന്ന ശുഭദർശകരുണ്ടാകണം. ഓരോ രാഷ്ട്രവും ശത്രുവിനെ ഭയന്നു് യുദ്ധസാമഗ്രികൾ സംഭരിക്കുമ്പോൾ ലോകസമാധാനസ്ഥാപനാർത്ഥം രാഷ്ട്രങ്ങൾ തമ്മിൽ സഹകരിക്കേണ്ട ആവശ്യത്തെ കാണുന്നക്രൈസ്തവർ എഴുന്നേൽക്കണം. ക്രിസ്തുവും സാത്താനും രണ്ടു വിപരീതശക്തികളാണു്. ഈ ശക്തികൾതമ്മിലുള്ള മത്സരത്തിൽ ക്രൈസ്തവർക്കു് ചില സ്ഥാപിതതാല്പര്യങ്ങളുണ്ടെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ലോകത്തിൽ ക്രിസ്തുവിനെതിരായി പ്രവർത്തിക്കുന്ന ഏററവും വലിയ ശക്തിയാണു് യുദ്ധം. ഉൽഭവത്തിലും, ലക്ഷ്യത്തിലും, മാർഗ്ഗത്തിലും, പരിണാമത്തിലും അതങ്ങനെതന്നെ സ്ഥിതിചെയ്യുന്നു. ഈ പ്രശ്നപരിഹാരത്തിനു് വ്യക്തികളുടെ ശ്രമംകൊണ്ടൊന്നുമാവുകയില്ല. അന്തർദേശീയമായ സന്മനോഭാവത്തെ സംഘടിപ്പിക്കേണ്ടതു് അതിനാവശ്യമത്രേ. എന്നാൽ ആവിധമുള്ള സഹകരണം വിജയപ്രദമാകണമെങ്കിൽ വിസ്തൃതവും, നിരന്തരവും, ബുദ്ധിപൂർവ്വവും തീക്ഷ്ണവുമായ പൊതുതാല്പര്യം ഏവനും ആവശ്യമാകുന്നു.

വെള്ളി. ഹെസക്കി 34. 1—10

ചെയ്തുപോയ തെററുകൾക്കു് പരിഹാരം വരുത്തുന്നതുകൊണ്ടുമാത്രം ക്രിസ്തുമതത്തിനു് തൃപ്തിപ്പെടുവാൻ നിവൃത്തിയില്ല. അതു് സാമൂഹ്യജീവിതം പുതിയചില അടിസ്ഥാനങ്ങളിൽ കെട്ടിപ്പടുക്കുകയും തിന്മയെ അതിന്റെ മൂലത്തിൽ വച്ചുതന്നെ നശിപ്പിക്കുകയുമാണു് വ്യക്തിപരമായ സേവനത്തെ അപേക്ഷിച്ചു് സഹകരിച്ചുള്ള പ്രവൎത്തനത്തിന്റെ ആത്യന്തികമായ ആവശ്യം. അതുകൊണ്ടു വ്യക്തിപരമായ പ്രവൎത്തനങ്ങൾകൊണ്ടു് പ്രയോജനമില്ലെന്നു് അതിനർത്ഥമില്ല. എന്നാൽ സംഘടിതമായ പ്രവൎത്തനങ്ങൾക്കേ പാപം, രോഗം, ദാരിദ്ര്യം സാമൂഹ്യമായ അവശതകൾ ഇവയെ പരിഹരിക്കുവാൻ സാധിക്കൂ. ഇൻഡ്യയിലെ ക്ഷാമത്തെ ഉച്ചാടനം ചെയ്യുന്നതു് നന്നാണു്. എന്നാൽ ശരിയായവിധം കൃഷിചെയ്യുന്നതിനു് ജലസേചനപദ്ധതികൾ നടപ്പിൽ വരുത്തുകയും ശാസ്ത്രീയമായി കൃഷിചെയ്യുന്നതിനു് അഭ്യസിപ്പിക്കുകയും ചെയ്യുന്നതു് കുറേക്കൂടെ ഉത്തമമാകുന്നു. സമുദായത്തിലും രാഷ്ട്രത്തിലും ലോകത്തിൽ പൊതുവായുമുള്ള ദോഷങ്ങളെ പരിഹരിക്കുവാൻ നടത്തുന്ന സംഘടിതസംരംഭങ്ങളുടെ വിജയത്തിനു് നിങ്ങളേതു

Letter to the Editor

സിറിയൻക്രിസ്ത്യൻ കോൺഗ്രസ്

Sir,

ചർച്ച്‌വീക്ക്‌ലിയുടെ ഒരു വരിക്കാരനും സിറിയൻക്രിസ്ത്യൻ കോൺഗ്രസ്സ് അംഗവുമായ ഞാൻ മേ 2-ലെ ചർച്ച്‌വീക്കിലിയുടെ മുഖപ്രസംഗം അതീവ ഖേദത്തോടെയാണ് വായിച്ചത്. മാവേലക്കരയിലെഒരു സിറിയൻ ക്രിസ്ത്യൻ അദ്ധ്യക്ഷപ്രമുഖൻെറ നേതൃത്വത്തിൽ നൂറനാട്ട കുഷ്ഠരോഗാശുപത്രിയിലെ രോഗികൾക്ക് ആണ്ടുതോറും നൽകിവരുന്ന സേവനം സി. ക്രി. കോൺഗ്രസ്സിൻെറ പ്രവർത്തനങ്ങളിൽ ഒന്നായി അവകാശപ്പെടുന്നതല്ലാതെ യാതൊരു പരിപാടിയും സജീവ പ്രവർത്തനവും ഇല്ലാത്ത ഒരു സംഘടനയാണ് ഈ കോൺഗ്രസ്സ് എന്നാണ് മുഖപ്രസംഗത്തിലെ അദ്യത്തെ പ്രസ്താവനം. ആരാലും അന്വേഷിക്കപ്പെടാതെ കിടന്ന നൂറനാട്ടകുഷ്ഠ രോഗാശുപത്രിയിലെ ഓർത്തഡോക്സ് സഭാംഗങ്ങളായ രോഗികൾ അഞ്ചുവർഷത്തിനു മുമ്പ് മാവേലിക്കര വച്ച് നടന്ന സിറിയൻ കോൺഗ്രസ്സിൻെറ വാർഷിക സമ്മേളനത്തിൽ ഒരപേക്ഷ അയയ്ക്കുകയും, അന്നു മുതൽ സിറിയൻ കോൺഗ്രസ്സ് അവരുടെ കാര്യത്തിൽ ശ്രദ്ധപതിക്കുകയും ചെയ്തു. ശ്രീ. കെ. ഒ. മാത്യുവിനെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഡയറക്ടറർ ആയി നിയമിച്ചു. അദ്ദേഹം ആ ചുമതല പ്രശംസാർഹമായി നിർവഹിക്കുകയും ചെയ്യുന്നു. പുത്തൻകാവിൽ വച്ചു നടന്ന വാർഷികസമ്മേളനത്തിൽ മി. മാത്യു സമർപ്പിച്ച അച്ചടിച്ചറിപ്പോർട്ടിൽ "നൂറനാട്ട് കുഷ്ഠരോഗ കോളനിയിൽ സിറിയൻ ക്രിസ്ത്യൻ കോൺഗ്രസ്സിൻെറ ചുമതലയിൽ നടത്തിവരുന്ന ജീവകാരുണ്യപ്രവർത്തനങ്ങൾ പൊതുജനങ്ങളുടെ തുടർന്നുള്ള സഹായംകൊണ്ടു് ഇക്കൊല്ലവും നടത്തുവാൻ സാധിച്ചുവെന്ന് കൃതജ്ഞതാപൂർവ്വം പ്രസ്താവിച്ചുകൊള്ളുന്നു" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

എന്നാൽ മുഖപ്രസംഗത്തിൽ നിന്ന് ധ്വനിക്കുന്നത്, അദ്ധ്യക്ഷപ്രമുഖൻെറ നേതൃത്വത്തിൽ നടത്തുന്ന സേവനം കോൺഗ്രസ്സ് സ്വന്ത സേവനമായി അവകാശപ്പെടുന്നു എന്നാണ്. കോൺഗ്രസ്സ് യാതൊന്നും ചെയ്യുന്നില്ല; അന്യരുടെ സേവനം സ്വന്തമായി അവകാശപ്പെടുന്നു എന്ന വ്യാജ പ്രസ്താവനയും ചെയ്യുന്നു. വസ്തുതകൾ പരിശുദ്ധവും വിമർശനം സ്വതന്ത്രവുമായിരിക്കേണ്ടതാണ്. വസ്തുതയെ തെററായി ചിത്രീകരിച്ച് പരിഹാസരൂപേണ ചെയ്തിരിക്കുന്ന ഈ വിമർശനം ശ്രീ. കെ. സി. മാക്കോയുടെ പ്രചോദനം അവകാശപ്പെടുന്ന ഒരു പത്രത്തിനു് എത്രമാത്രം അനുയോജ്യമാണെന്നു് പത്രാധിപർ ചിന്തിക്കേണ്ടതാണ്.

മുഖപ്രസംഗത്തിലെ ബാക്കിഭാഗം കോൺഗ്രസ്സിൽ സഭയിലെ ഇരുകക്ഷികളും അംഗങ്ങളായിരിക്കുന്നതിൻെറ സാധ്യതയെയും ആശാസ്യതയെയും സംബന്ധിച്ചാണ്. ഇരു കക്ഷികളെയും ഉൾപ്പെടുത്തുന്നതിനു് കോൺഗ്രസ്സ് ചെയ്ത പ്രയത്നത്തിൻെറ ഫലമാണ് സിറിയൻ ക്രിസ്ത്യൻലീഗ് എന്നു് ചർച്ച്‌വീക്കിലി തീരുമാനിച്ചിരിക്കുന്നു. പാത്രിയർക്കീസ് ഭാഗത്തു് വിദ്യാർത്ഥി സമ്മേളനവും മാർത്തമറിയം സമാജവും ആരംഭിച്ചതു്, കാതോലിക്കാ കക്ഷിയിലെ താദൃശപ്രസ്ഥാനങ്ങളുടെ നയവൈകല്യംകൊണ്ടാണെന്നു് ചർച്ച്‌വീക്ക്‌ലി പറയാമോ? സാമൂഹ്യരംഗത്തിലെങ്കിലും ഇരുകക്ഷികളും യോജിച്ച്

ങ്കിലും പ്രകാരത്തിൽ വല്ല സംഭാവനയും ചെയ്യുന്നുണ്ടോ?

ശനി. യാക്കോബ്. 1. 27, 1. യോഹ. 3: 17—18

മനുഷ്യാത്മാവിനു ചെയ്യുന്ന ആത്മീയ പരിചരണം മാത്രമല്ല, ക്രിസ്തീയ സേവനപരിധിയിൽ പെടുന്നതെന്ന് ചിലർ ഇനിയും ഗ്രഹിച്ചിട്ടില്ല. ഈ ലോകജീവിതം ഏതാനും നിമിഷനേരങ്ങൾ മാത്രമുള്ള മീററർ ഗേജ്റയിൽ യാത്രയോടുതുല്യമാണെന്നും മരണത്തോടുകൂടെ നിത്യതയാകുന്ന ബ്രോഡ്ഗേജ്റയിൽ യാത്ര ആരംഭിക്കുന്നു എന്നും ചിന്തിക്കുന്നവരുണ്ട്. അവരുടെദൃഷ്ടിയിൽ ലോകജീവിതത്തിൽ സുഖത്തിനോ ആരോഗ്യത്തിനോ, ഇതര സൌകര്യാദികൾക്കോ യാതൊരു സ്ഥാനവുമില്ല. ഈലോകജീവിതംഹ്രസ്വമാണ്. സൗഭാഗ്യകരമായ അമർത്യത നേടുക മാത്രമാണ് മതത്തിൻെറ സർവ്വപ്രധാനവും സർവ്വാശ്ലേഷകവുമായ ലക്ഷ്യം എന്നിപ്രകാരമാണ് അവരുടെ ചിന്താഗതി. എന്നാൽ മനുഷ്യൻെറ ആദ്ധ്യാത്മിക താല്പര്യങ്ങൾബാഹ്യസാഹചര്യങ്ങളാൽ ബന്ധിതവുംനിയന്ത്രിതവുമായി പോകാറുണ്ടെന്ന് അവർഗ്രഹിക്കേണ്ടിയിരിക്കുന്നു. ശരീരവും ആത്മാവും ദേഹിയുമുൾപ്പെടുന്ന മനുഷ്യൻെറ ആത്മാവിനെ മാത്രം പരിഗണിച്ചാൽ മതിയെന്ന് പരിഗണിക്കുന്നതു് മൗഢ്യമായിരിക്കുകയില്ലേ? അവ മൂന്നും പരസ്പരംബന്ധിതമായി സ്ഥിതിചെയ്യുന്നു. ചുരുക്കിപ്പറഞ്ഞാൽ നിങ്ങളുടെ സ്വർഗ്ഗീയമായ വിളിയെ നിറവേററേണ്ടതു് ഭൗമികമായ കാര്യങ്ങൾ സ്വർഗ്ഗീയമായവിധം ചെയ്തിട്ടാണ്. അതുതന്നെയാണ് പുതിയ നിയമത്തിൽ ഉടനീളം നാം കാണുന്നതും.

പ്രവർത്തിക്കുന്നതിനു് കോൺഗ്രസ്സ് ശ്രമിച്ചതു്. ഐക്യത്തിനു് വേണ്ടി വാദിക്കുന്ന വീക്കിലിയുടെ വിമർശനത്തിനു് വിധേയമായതു് അത്ഭുതകരം തന്നെ. ഇരുകക്ഷികളെയും ഉൾക്കൊള്ളുവാനുള്ള ആഗ്രഹം അഭിനന്ദനീയമാണെന്നു് പറയുകയും എന്നാൽ അതു് പ്രായോഗികമായ വിഘ്നമാണെന്നു് ചൂണ്ടികാണിക്കുകയുമാണു് വീക്ക്ലി ചെയ്തിരിക്കുന്നതു്. ഈ വശത്തെക്കുറിച്ചു് കോൺഗ്രസ്സ് പ്രവർത്തകർ അജ്ഞരല്ല. മുഖപ്രസംഗത്തിൽ നിർദ്ദേശിച്ചിരിക്കുന്നതുപോലെ കാതോലിക്കാ കക്ഷി കേന്ദ്രങ്ങളിൽ മാത്രം ശ്രദ്ധപതിച്ചു് പ്രവർത്തനം നടത്തുകയാണു് കോൺഗ്രസ്സ് ചെയ്യുന്നതു്. എന്നാൽ പാത്രിയർക്കീസ് ഭാഗത്തു് നിൽക്കുന്നവർക്കും ഇതിൽ സംബന്ധിക്കുന്നതിനു് തടസ്സമില്ല. "കാതോലിക്കാകക്ഷി പ്രമാണികളാണു് ആണ്ടിലെരിക്കൽ നടത്തുന്ന വാർഷിക സമ്മേളനത്തിൽ വല്ലപ്പോഴുമെങ്കിലും സന്നിഹിതരായി കാണുന്നതു്" എന്ന പ്രസ്താവനയും പൂർണ്ണമായി ശരിയല്ല. അടുത്തകാലത്തു് നടന്നിട്ടുള്ള സമ്മേളനങ്ങളിൽ-ശ്രീ ഏ. എം. തോമസ് ശ്രീ കുര്യൻ ജോസഫ്, ശ്രീ കെ് പി പത്രോസ്, ശ്രീ പി. കെ. മാത്യു, ശ്രീകെ. സിഏബ്രഹാം തുടങ്ങി പല പാത്രിയർക്കീസ് ഭാഗക്കാരും പ്രസംഗിക്കുകയും അദ്ധ്യക്ഷം വഹിക്കുകയും ചെയ്തിട്ടുണ്ടു്. എന്നാൽ സഹകരണമനോഭാവമുള്ള പാത്രിയർക്കീസ് ഭാഗക്കാരെപ്പോലും ഇതിൽ,സംബന്ധിപ്പിക്കരുതു് എന്നാണു് വീക്ക്ലിയുടെ ഉപദേശമെങ്കിൽ അതേക്കുറിച്ചു് ആലോചിക്കാൻ, കോൺഗ്രസ്സ് പ്രവർത്തകർ തയറാണു്.

ചർച്ച്വീക്ക്ലിയുടെ ദൃഷ്ടിയിൽ കോൺഗ്രസ്സിനു് "യാതൊരു സേവന പരിപാടികളും സജീവപ്രവർത്തനങ്ങളും ഇല്ല." കോൺഗ്രസ്സിൻെറ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അജ്ഞതയും അനുകമ്പാരഹിതവുമായ സമീപനവും ആണു് ഈ പ്രസ്താവനക്കു് നിദാനം. കോൺഗ്രസ്സ് ചെയ്യാവുന്നതെല്ലാം ചെയ്യുന്നു എന്നു് ഞാൻ പറയുന്നില്ല. എന്നാൽ പരേതനായ മി. ഏ. എം. വർക്കി പല കോൺഗ്രസ്സ്യോഗങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെ സമുദായക്ഷേമ [illegible]ക്ഷികൾ [illegible] ല്ലപ്പൊഴും ഒന്നിച്ചു കൂ[illegible]ന്നതിനും ആശയവിനിമയം ചെയ്യുന്ന[illegible] സമുദായമദ്ധ്യത്തിൽ നല്ല ആശ[illegible]ൾ പ്രചരിപ്പിക്കുന്നതിനും ഈകോ[illegible] മുഖാന്തരമാകുന്നു എംകിൽ, [illegible] ഒരു വലിയ സംഗതിയാണെന്നാണു് എൻെറ വിശ്വാസം.

സമുദായക്കേസ്സ് തീരാതെ ഏതു കോൺഗ്രസ്സ് പ്രവർത്തനവും നിർജ്ജീവമായിരിക്കും എന്നു് അവസാന വാചകത്തിൽ ദൃഢമായി അഭിപ്രായപ്പെടുന്ന ചർച്ച്വീക്ക്ലി കോൺഗ്രസ്സ നിർജ്ജീവമാണെങ്കിൽതന്നെ, അതിൻെറ നിലയെ പരോക്ഷമായി സാധൂകരിക്കയാണു്ചെയ്തിരിക്കുന്നതു്. അതുകൊണ്ടാണു് അനുകമ്പാരഹിതവും, പരിഹാസനിബിഡവുമായ ഈ മുഖപ്രസംഗത്തിൻെറ സാംഗത്യം എനിക്കു മനസ്സിലാകാത്തതു്.

(പി. എ. ഉമ്മൻ ബി. എ. എം. എൽ.)

ചലച്ചിത്രങ്ങൾ ചെയ്യുന്ന നാശം

(11-ാം പീയൂസ് മാർപ്പാപ്പാ)

"ചീത്ത ചലച്ചിത്രങ്ങൾ ആത്മാവിനു ചെയ്യുന്ന നാശം എന്തുമാത്രമാണെന്നു ഏവനും അറിയാവുന്നതാണു്. അവ പാപാവസരങ്ങളാണു്; അവ ദുരാശകളെ മഹത്വീകരിച്ചു കാണിച്ചു, യുവജനങ്ങളെ വശീകരിച്ചു തിന്മയുടെ മാർഗ്ഗത്തിൽ കൂടി നയിക്കുന്നു. അവ ജീവിതത്തെ സത്യവിരുദ്ധമായി വ്യാഖ്യാനിച്ചു പ്രദർശിപ്പിക്കുന്നു. അവ ആദർശങ്ങളെ കാർമേഘാവൃതമാക്കിത്തീർക്കുന്നു. അവ നിർമ്മല സ്നേഹത്തെയും വിവാഹത്തിൻെറ മാന്യതയേയും കുടുംബസ്നേഹത്തേയും നശിപ്പിക്കുന്നു. വ്യക്തികൾ തമ്മിൽ മുൻവിധിയും ജനങ്ങളും സമുദായങ്ങളും ജാതികളും തമ്മിലും തെററിദ്ധാരണകളും ഉളവാക്കുന്നതിനും അവസ്സ കഴിയുന്നതാണു്!

ചലച്ചിത്രങ്ങൾ. ഇരുൾ നിറഞ്ഞ ശാലകളിൽ ഇരുന്നാണു് മനുഷ്യർ കാണുന്നതു. തദ്വാരാ അവരുടെ മാനസികവും ശരീരികവും, പലപ്പോഴും ആത്മീയവുമായ ശക്തികൾ ക്ഷീണിച്ചുപോകുന്നു.

ഈ സിനിമാശാലകൾ അന്വേഷിച്ചു ആരും ദൂരെയെങ്ങും പോകേണ്ടതില്ല;അവ വീടിനോടും പള്ളിയോടുംപള്ളിക്കൂടത്തോടും തൊട്ടടുത്തുതന്നെസ്ഥിതി ചെയ്യുന്നു.അതിനാൽ ജനങ്ങളുടെ അച്ചടക്കബോധത്തേയും മാനത്തേയും ക്ഷയിപ്പിക്കുവാൻ സഹായിക്കുന്നഏതിനോടും സമരം ചെയ്യുന്നതിൽ നിങ്ങൾ ക്ഷീണിക്കരുതു്. മെത്രാന്മാർക്കുമാത്രമല്ല, കുടുംബത്തിൻെറയും രാജ്യത്തിൻെറയും പൊതുവിൽ മനുഷ്യവംശത്തിൻെറയുംമാന്യതയേയും ധാർമ്മികാരോഗ്യത്തേയും പററി ഉൽക്കണ്ഠ ഉള്ളവരായ വിശ്വാസികൾക്കും മാന്യരായ പൊതുജനങ്ങൾക്കും കൂടി ഉത്തരവാദിത്വമുള്ള ഒരു കാര്യമാണിതു്.

ചർച്ച്വീക്ക്ലി വരിസംഖ്യ

	രൂ.	ണ.	സ.
ഒരു വർഷത്തേക്കു്	6	0	0
ആറു മാസത്തേക്കു്	3	0	0
ഒററപ്രതി	0	2	0
ഇൻഡ്യക്കു വെളിയിൽ	8	0	0

Licence No. 498 Dated 20-8-1946 Reg. M. 5286

THE CHURCH WEEKLY

ക്രൈസ്തവലോകവാർത്തകൾ

(കെ. വി. എം.)

കത്തോലിക്കസഭ വീഴുന്നു

ന്യൂസിലണ്ടിലും, ആസ്ട്രേലിയായിലും കത്തോലിക്കസഭ വളർന്നുകൊണ്ടിരിക്കുമ്പോൾ അയർലണ്ടിൽ അനേകം കത്തോലിക്കർ പ്രോട്ടസ്റ്റന്റു സഭകളിലേക്കുപ്രവഹിച്ചുകൊണ്ടിരിക്കുന്നു. ഈ ഒഴുക്കിനെ തടയുന്നതിനു അയർലണ്ടിലെ കത്തോലിക്കസഭ ചെയ്യുന്ന പ്രവർത്തനങ്ങൾ ഫലപ്രദമല്ലത്രേ.

പള്ളിക്കനുവാദം നിഷേധിച്ചു

ഗ്രീക്കു് ഇവാൻജെലിക്കൽ ചർച്ചിനു മാസിഡോണിയൻ ടൗണിൽ ഒരു പള്ളി വയ്ക്കുന്നതിനുള്ള അനുവാദം ഗ്രീക്കു ഗവർമ്മെന്റു നിഷേധിക്കുകയും അപ്പീലിൽ ഗ്രീസ് സുപ്രീം കോടതി ഗവർമ്മെന്റിന്റെ നടപടിയെ ശരിവയ്ക്കുകയും ചെയ്തിരിക്കുന്നു. ഇവാൻജെലിക്കൽ സഭ ഗ്രീക്കു് ഓർത്തഡോക്സ് സഭാംഗങ്ങളെ പരിവർത്തനം ചെയ്യിക്കുന്നു എന്നു ഒരു പോലീസ് ഉദ്യോഗസ്ഥനും, എഡേസായിലെ ഗ്രീക്കു് ഓർത്തഡോക്സ് ബിഷപ്പായ ദീവന്നാസ്യോസും നൽകിയ അറിവിനെ ആസ്പദമാക്കിയാണ് ഈ ഉത്തരവുണ്ടായതു്.

മലയായിൽ പള്ളി പണിയുന്നു

മലയായിൽ ഉദ്യോഗാർത്ഥം താമസിക്കുന്ന അനേകം ഓർത്തഡോക്സ് സഭാംഗങ്ങളുടെ ആത്മീയാവശ്യങ്ങൾ നിർവഹിക്കുന്നതിനു വിദേശമിഷ്യനിൽ നിന്നും പോയിരിക്കുന്ന റെവ. ഫാദർ കെ. ഏ. ജോർജ്ജ് ബി. എസ്സ്‌സി. ബി. ഡി. ചെയ്തുകൊണ്ടിരിക്കുന്ന സേവനം അഭിനന്ദനീയമാണ്. ക്വലാലംപൂരിലും, സിംഗപ്പൂരിലും ഓരോ പള്ളികൾ വയ്ക്കുന്നതിനുള്ള ശ്രമങ്ങൾ മാതൃസഭയെ വളരെയധികം സന്തോഷിപ്പിക്കുമെന്നുള്ളതിനു സംശയമില്ല.

സോവ്യറ്റു യൂണിയനിൽ

സോവ്യറ്റു റഷ്യയിൽ ഇപ്പോൾ 101 ഓർത്തഡോക്സ് മതവിഭാഗങ്ങൾ ഉണ്ടെന്നു ഓക്സ്‌ഫോർഡിലെ ഡോ. എസ്. ബോൾഷാകോഫ് കണക്കാക്കിയിരിക്കുന്നു. ഇദ്ദേഹത്തിന്റെ കണക്കനുസരിച്ചു ചില വിഭാഗങ്ങൾ ബാൾട്ടിക്ക് റിപ്പബ്ളിക്കിലോ, പൂർവ്വപ്രോവിൻസുകളിലോ (പഴയ പോളണ്ടു്) ആണ്. യൂക്രെയിൻ, വൈറ്റ് റഷ്യാ എന്നീ സ്ഥലങ്ങളിലാണ് സന്യാസാശ്രമങ്ങളിലധികവും സ്ഥിതിചെയ്യുന്നതു്.

കൊറിയായിലെ പള്ളികൾ

ദക്ഷിണകൊറിയായിലുണ്ടായിരുന്ന പള്ളികളുടെ മൂന്നിലൊരുഭാഗം അവിടെ നടന്ന സമരംമൂലം നശിച്ചുപോയിരിക്കുന്നു. സഭാംഗങ്ങൾ വർണ്ണനാതീതമായ ദാരിദ്ര്യം അനുഭവിക്കുന്നു. അവർക്കു ശുശ്രൂഷചെയ്യുന്ന പട്ടക്കാർ—യഥാർത്ഥക്രിസ്തുദാസന്മാർ—വിഷമതകളെ അഭിമുഖീകരിക്കുന്നു. ആകെയുണ്ടായിരുന്ന 3280 പള്ളികളിൽ 973 പള്ളികൾ വലിയ നാശത്തിനു വിധേയമായി. 267 പള്ളികൾ നിശ്ശേഷം നശിച്ചു. കല്ലുകൊണ്ടു കെട്ടിയിട്ടുള്ള തൂണുകൾമാത്രം അവശേഷിക്കുന്ന പള്ളികൾ സാധാരണ അവിടെ കാണാവുന്ന ഒരു കാഴ്ചയാണ്.

സഭാപീഡനം

ആയുധധാരികളായ മുസ്‌ളീം അക്രമികൾ ഇൻഡോനേഷ്യയിലെ ക്രിസ്ത്യാനികളെ ആക്രമിച്ചുവരുന്നു. അവർ പള്ളികൾ പൂട്ടുകയും വേദപുസ്തകം തീവച്ചു നശിപ്പിക്കുകയും ചെയ്യുന്നുണ്ടു്. 6500-ൽപരം ക്രൈസ്തവർ ഇസ്‌ളാമിലേക്കു ബലപ്രയോഗംമൂലം ചേർക്കപ്പെട്ടു. ഗവർമ്മെന്റിന്റെ സംരക്ഷണനടപടിയ്ക്കു ഒരു കോടി പവൻ ചെലവാകുമെന്നും കണക്കാക്കപ്പെട്ടിരിക്കുന്നു. ക്രൈസ്തവ സഭാ പ്രതിനിധികൾ ഈ വസ്തുത അഖിലലോകസഭാ കൌൺസിലിനെ അറിയിച്ചിരിക്കുന്നു.

കത്തോലിക്ക് പത്രപ്രവർത്തകർക്കു് മാർപാപ്പാ തിരുമനസ്സിലെ മുന്നറിയിപ്പു്

നിരീശ്വരത്വത്തിന്റെ അലകൾ ലോകമാസകലം ശക്തിയായി അടിച്ചുകൊണ്ടിരിക്കയാണെന്നും ക്രിസ്തുസഭക്കെതിരായുള്ള പ്രവർത്തനങ്ങൾ ഇതിനു് മുൻപൊരിക്കലും ഇത്രയധികം പ്രബലമായി സംഘടിക്കയുണ്ടായിട്ടില്ലെന്നും അതിനാൽ ക്രിസ്തുസഭയേയും അതിന്റെ പ്രവർത്തനങ്ങളേയും നിലനിറുത്തുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി കത്തോലിക്കരായ എല്ലാ പത്രപ്രവർത്തകരും അവരുടെ പേന സമർപ്പിക്കേണ്ടതാണെന്നു പാരീസിൽവച്ചു നടന്ന നാലാമത്തെ കത്തോലിക്കാപത്രപ്രവർത്തകയൂണിയൻ കോൺഗ്രസ്സിന്റെ സമ്മേളനത്തിനു് അയച്ച ഒരു സന്ദേശത്തിൽ മാർപാപ്പാ തിരുമേനി കത്തോലിക്കാ ജർണ്ണലിസ്റ്റുകൾക്കു് ഒരു മുന്നറിയിപ്പു് നൽകിയിരിക്കുന്നു.

Printed and Published by N.M. Abraham B.A. at the Malayala Manorama Press, Kotta